VOL NO: 05 | ISSUE 05
www.nerpatham.com
mail@nerpatham.com
2021 JANUARY 30 | ₹12

# നേർപഥം
വാരിക

# മുറിവേൽപ്പിക്കരുത് കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തെ




നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തുവന്നിരിക്കെ ആരോപണ പ്രത്യാരോപണങ്ങളുമായി രാഷ്ട്രീയ പാർട്ടികൾ സജീവമാണ്. രാഷ്ട്രീയ വിശകലനങ്ങൾ നടത്തുകയും വികസന കാര്യങ്ങൾ ചർച്ചക്ക് വിധേയമാക്കുകയും ചെയ്തിരുന്ന മുൻകാല പാരമ്പര്യം വെടിഞ്ഞ് മതനിരപേക്ഷതയെയും മൂല്യങ്ങളെയും തച്ചുതകർക്കുന്ന രൂപത്തിലാണിന്ന് ചർച്ചകളും വിമർശനങ്ങളും മുറുകുന്നത്. പ്രബുദ്ധ കേരളത്തിനിത് ഭൂഷണമല്ല.

- **അർണാബുമാരുടെ സ്വൈര്യവിഹാരം**

**കാരുണ്യവാന്റെ കരുണയുള്ള മതം**
**വികല വിശ്വാസങ്ങളും ശിർക്കൻ വ്യവഹാരവും**
**സത്യവിശ്വാസത്തെ സൽകർമങ്ങൾകൊണ്ട് സാക്ഷ്യപ്പെടുത്തുക**

**ഓൺലൈൻ കോൺഫറൻസിനോടനുബന്ധിച്ച് വിസ്ഡം ബുക്സ് പുതുതായി പുറത്തിറക്കിയ**

**1400 രൂപയിലധികം വിലയുള്ള ഒരു ഡസൻ പുസ്തകങ്ങൾ**

**ഇപ്പോൾ വെറും 1000 രൂപക്ക്...!!!**

WISDOM BOOKS

PUBLISHING || DISTRIBUTION

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244

## പുതിയ പുസ്തകങ്ങൾ

| | | |
|---|---|---|
| 1. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി | ₹ 180 |
| 2. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ | ₹ 40 |
| 3. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി | ₹ 150 |
| 4. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി | ₹ 100 |
| 5. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി | ₹ 60 |
| 6. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ | ₹ 65 |
| 7. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി | ₹ 75 |
| 8. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് | ₹ 50 |
| 9. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി | ₹ 100 |
| 10. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി | ₹ 200 |
| 11. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി | ₹ 250 |
| 12. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി | ₹ 170 |




0211

# നേർപഥം

വാരിക

2021 ജനുവരി 30

1442 ജുമാദൽ ആഖിറ 17

പുസ്തകം 05 /ലക്കം 05



Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002

Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly








05
**മുഖമൊഴി**
സത്യവിശ്വാസത്തെ സൽകർമങ്ങൾകൊണ്ട് സാക്ഷ്യപ്പെടുത്തുക
എഡിറ്റർ

10
## മുറിവേൽപ്പിക്കരുത് കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തെ
നബീൽ പയ്യോളി

06
**ജാലകം**
അറാക്കുചെടി
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

09
**പുനർവായന**
നബി(സ്വ)യുടെ പേരിൽ സ്വലാത്ത്
കെ. ഉമർ മൗലവി

14
**ലേഖനം**
കാരുണ്യവാന്റെ കരുണയുള്ള മതം
ഉസ്മാൻ പാലക്കാഴി

18
**ഹദീസ് പാഠം**
ഇഹപര വിജത്തിനായി ഒരു പ്രാർഥന
അബൂഫായിദ

19
**ക്വുർആൻ ദർശനം**
സൂറഃ ക്വദ് സമിഅല്ലാഹു
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

21
**അനുഭവം**
ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം
പി.എൻ സോമൻ

26
**വിമർശനം**
വികല വിശ്വാസങ്ങളും ശിർക്കൻ വ്യവഹാരവും
മൂസ സ്വലാഹി, കാര

30
**ചരിത്രപഥം**
ആദ്യ ദിവ്യസന്ദേശത്തിനു ശേഷമുള്ള ഇടവേള
ഹുസൈൻ സലഫി, ഷാർജ

34
**നമുക്ക് ചുറ്റും**
അർണാബുമാരുടെ സൈ്വര്യവിഹാരം
ടി.കെ.അശ്റഫ്

ചലനങ്ങൾ

# കേരള ഖത്വീബ് കോൺഫറൻസ് സമാപിച്ചു

കോഴിക്കോട്: സമൂഹത്തെ ശരിയായ മാർഗത്തിലൂടെ നയിക്കുന്നതിൽ കേരളത്തിലെ ഖത്വീബുമാർക്ക് വലിയ പങ്കാണ് നിർവഹിക്കാനുള്ളതെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന സമിതി ഓൺലൈനിൽ സംഘടിപ്പിച്ച കേരള ഖത്വീബ് കോൺഫറൻസ് അഭിപ്രായപ്പെട്ടു. 'നിർഭയജീവിതം, സുരക്ഷിതസമൂഹം' എന്ന പ്രമേയത്തിൽ 2021 ഏപ്രിൽ 1,2,3,4 തീയതികളിൽ സംഘടിപ്പിക്കുന്ന ഓൺലൈൻ കോൺഫറൻസിന്റെ ഭാഗമായാണ് ഖത്വീബ് കോൺഫറൻസ് സംഘടിപ്പിച്ചത്.

സമൂഹത്തിന്റെ ധാർമികവും സാംസ്‌കാരികവുമായ പുനഃരുജ്ജീവനത്തിന് കരുത്ത് പകരുന്നവിധം എല്ലാ മേഖലയിലും മാതൃകാജീവിതം നയിക്കേണ്ടവരാണ് ഖത്വീബുമാർ. വിദ്യാർഥി, യുവസമൂഹത്തിന്റെ വൈജ്ഞാനികമായ അന്വേഷണതൃഷ്ണയെ ചൂഷണംചെയ്ത് തെറ്റായ ദിശയിലേക്ക് നയിക്കുന്നതിനെ ഗൗരവമായി കാണുകയും ഇത്തരം പ്രവണതകളെ പ്രമാണങ്ങളുടെ വെളിച്ചത്തിൽ അതിശക്തമായി ചെറുത്ത് തോൽപിക്കാൻ യഥാസമയം ഖത്വീബുമാർ മുന്നോട്ടുവരികയും ചെയ്യുമെന്ന് കോൺഫറൻസ് ആവശ്യപ്പെട്ടു. ഇസ്‌ലാമോഫോബിയയും വർഗീയവിഭജനവും ന്യൂനപക്ഷ വിഭാഗങ്ങളിൽ വിതയ്ക്കുന്ന ഭീതിയെ ചെറുക്കാൻ മതേതര സമൂഹത്തിന്റെ വിശാലമായ ഐക്യം അനിവാര്യമാണെന്നും കോൺഫറൻസ് ആഹ്വാനം ചെയ്തു. മതങ്ങളെ തമ്മിലടിപ്പിക്കുകയെന്ന ലക്ഷ്യംവച്ച് തൽപരകക്ഷികൾ പുറത്തെടുക്കുന്ന അജണ്ടകൾക്ക് വെള്ളമൊഴിച്ചുകൊടുക്കുന്ന സമീപനം വർഗീയ ധ്രുവീകരണം ശക്തിപ്പെടാൻ കാരണമാകുമെന്നും കോൺഫറൻസ് വിലയിരുത്തി.

സുഊദി അറേബ്യയിലെ മതകാര്യ സ്ഥാപനങ്ങളുടെ മുഖ്യ കാര്യദർശി ശൈഖ് അബ്ദുൽ അസീസ് മുഹമ്മദ് അശ്ശഅ്‌ലാൻ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി അധ്യക്ഷത വഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ്പ്രസിഡന്റ് കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ജനറൽ സെക്രട്ടറി ടി.കെ അശ്‌റഫ്, അബ്ദുറഹ്മാൻ അൻസ്വാരി, പ്രൊഫ. ഹാരിസ്ബ്‌നു സലീം എന്നിവർ പ്രഭാഷണം നിർവഹിച്ചു.

## 25ാമത് പ്രോഫ്‌കോൺ: രജിസ്‌ട്രേഷൻ ആരംഭിച്ചു

കോഴിക്കോട്: വിസ്ഡം ഇസ്‌ലാമിക് സ്റ്റുഡന്റ്‌സ് ഓർഗനൈസേഷൻ സംസ്ഥാന സമിതി സംഘടിപ്പിക്കുന്ന 25ാമത് അന്താരാഷ്ട്ര പ്രൊഫഷണൽ വിദ്യാർഥി സമ്മേളനമായ 'പ്രോഫ്‌കോണി'ന്റെ രജിസ്‌ട്രേഷൻ പോർട്ടൽ ഉദ്ഘാടനം ഇ.ടി മുഹമ്മദ് ബഷീർ എം.പി നിർവഹിച്ചു. ഫെബ്രുവരി 25 മുതൽ 28 വരെ ഓൺലൈനായി നടക്കുന്ന പ്രോഗ്രാമിൽ ഇന്ത്യക്കകത്തും പുറത്തും നിന്നുമുള്ള, വ്യത്യസ്തങ്ങളായ പ്രൊഫഷണൽ ക്യാമ്പസുകളിൽ പഠിക്കുന്ന വിദ്യാർഥികൾ പങ്കെടുക്കും. രാഷ്ട്രീയ, സാമൂഹിക, അക്കാദമിക, മത രംഗങ്ങളിലെ പ്രഗത്ഭർ നേതൃത്വം നൽകുന്ന അമ്പതോളം സെഷനുകളിലായാണ് സമ്മേളനം നടക്കുക.

പ്രോഫ്‌കോണിന്റെ ഭാഗമായി വിവിധ കോഴ്‌സുകളിലെ കരിയർ സാധ്യതകളെ വിദ്യാർഥികൾക്ക് പരിചയപ്പെടുത്തുന്ന കരിയർ ടോക്‌സ്, റസൊണൻസ്, ജില്ലാ ക്യാമ്പസ് വിദ്യാർഥി സംഗമങ്ങൾ, നൂറ് ക്യാമ്പസുകളിൽ 'സ്പാർക്ക്‌സ്' പ്രീ പ്രോഫ്‌കോൺ മീറ്റുകൾ തുടങ്ങിയവ സംഘടിപ്പിക്കും.

ഉദ്ഘാടന ചടങ്ങിൽ വിസ്ഡം സ്റ്റുഡന്റ്‌സ് സംസ്ഥാന സെക്രട്ടറിമാരായ കെ.ശബീബ്, ഷഹ്ബാസ്.കെ അബ്ബാസ്, വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹി ഡോ. പി.പി നസീഫ് എന്നിവർ പങ്കെടുത്തു. www.profcon.inലൂടെ പ്രോഫ്‌കോണിന് രജിസ്റ്റർ ചെയ്യാവുന്നതാണ്.

മുഖമൊഴി

# സത്യവിശ്വാസത്തെ സൽകർമങ്ങൾകൊണ്ട് സാക്ഷ്യപ്പെടുത്തുക

വിശ്വാസകാര്യങ്ങളും (ഈമാൻ കാര്യങ്ങൾ) കർമപരമായ കാര്യങ്ങളും (ഇസ്‌ലാം കാര്യങ്ങൾ) സ്വഭാവപരമായ കാര്യങ്ങളുമെല്ലാം ഇസ്‌ലാം അനുശാസിക്കുന്നുണ്ട്. ഇവയെല്ലാം തന്റെ കഴിവിന്റെ പരമാവധി ജീവിതത്തിൽ അനുവർത്തിക്കുന്നവനാണ് യഥാർഥ വിശ്വാസി. എന്നാൽ ചിലയാളുകളുണ്ട്; അവർ വിശ്വാസകാര്യങ്ങളിൽപെട്ട ചിലതിൽ മാത്രം വിശ്വസിക്കുന്നു, കർമപരമായ കാര്യങ്ങളിൽ ഇഷ്ടമുള്ളത് മാത്രം ചെയ്യുന്നു, അല്ലെങ്കിൽ ഒന്നും ചെയ്യാതിരിക്കുന്നു. എന്നിട്ട് സ്വർഗപ്രാപ്തിക്ക് ഇതുതന്നെ ധാരാളം എന്ന് ഇക്കൂട്ടർ കണക്കുകൂട്ടുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇത്തരമാളുകൾ വലിയ തെറ്റുധാരണയിലാണ് അകപ്പെട്ടിരിക്കുന്നത്.

ക്വുർആനിൽ വിശ്വസിക്കാനുള്ള കൽപനയോടൊപ്പം സൽകർമങ്ങൾ ചെയ്യാനുള്ള കൽപനയും ചേർന്നുവന്നിട്ടുള്ളതായി കാണാം. രണ്ടും പരസ്പര പൂരകങ്ങളാണ് എന്നർഥം. അഥവാ ഈമാനുള്ളവരിൽനിന്ന് അനിവാര്യമായും സൽകർമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

"അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെമേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ. നമസ്കാരം മുറപോലെ നിർവഹിക്കുകയും നാം നൽകിയിട്ടുള്ളതിൽനിന്ന് ചെലവഴിക്കുകയുംചെയ്യുന്നവർ. അവർ തന്നെയാണ് യഥാർഥത്തിൽ വിശ്വാസികൾ. അവർക്ക് അവരുടെ രക്ഷിതാവിങ്കൽ പല പദവികളുണ്ട്. പാപമോചനവും ഉദാരമായ ഉപജീവനവുമുണ്ട്" (ക്വുർആൻ 8:2-4).

സത്യവിശ്വാസത്തിന്റെ സാക്ഷാത്കാരത്തിന് മുഹമ്മദ് നബിﷺയെ പരിപൂർണമായും അനുസരിക്കേണ്ടതുണ്ട്. അഥവാ സത്യവിശ്വാസത്തെ സൽകർമങ്ങൾകൊണ്ട് സാക്ഷ്യപ്പെടുത്തണം. സത്യവിശ്വാസം അവകാശപ്പെടുകയും സൽകർമങ്ങൾകൊണ്ട് അതിനെ സാക്ഷ്യപ്പെടുത്താതിരിക്കുകയും ചെയ്യുന്നവർ വിശ്വാസികളല്ല എന്ന് അല്ലാഹു വ്യക്തമായി അറിയിച്ചുതന്നിട്ടുണ്ട്:

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീട് അവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (ക്വുർആൻ 4:65).

ക്വുർആനിലും മുൻ വേദഗ്രന്ഥങ്ങളിലും വിശ്വസിച്ചിരിക്കുന്നുവെന്നു വായകൊണ്ട് ഉരുവിടുകയും മുസ്‌ലിം വേഷമണിഞ്ഞു നടക്കുകയും ചെയ്യുന്ന കപടവിശ്വാസികളുടെ ചില ചെയ്തികളെക്കുറിച്ചു പരാമർശിച്ചശേഷമാണ് അല്ലാഹു ഇങ്ങനെ പറയുന്നത്.

ഒരാൾ മുസ്‌ലിമാണെങ്കിൽ അഭിപ്രായഭിന്നതയുള്ള വിഷയത്തിൽ പ്രവാചകന്റെ തീരുമാനം അംഗീകരിക്കണം. എന്നാൽ അത്തരം ഘട്ടങ്ങളിൽ മറ്റുള്ളവരുടെ വിധിതേടിപ്പോകുകയും പ്രവാചകനെ അവഗണിക്കുകയും ചെയ്യുന്ന സ്വഭാവം കാണിച്ച കപടവിശ്വാസികളെപ്പറ്റിയാണ് ഈ വചനത്തിലുള്ളത്. എന്നാൽ ഇതിലടങ്ങിയ തത്ത്വങ്ങൾ അവരെ മാത്രം ബാധിക്കുന്നവയല്ല. സത്യവിശ്വാസിയാണെന്ന് അവകാശപ്പെടുന്ന ഓരോ മുസ്‌ലിമും തന്റെ ജീവിതത്തിലുടനീളം പാലിക്കേണ്ടതാണ് ഈ കാര്യങ്ങൾ.

പ്രവാചകൻﷺ പഠിപ്പിച്ച സൽകർമങ്ങളോട് വിമുഖത കാണിക്കുന്നത് അദ്ദേഹത്തോടുള്ള അനുസരണക്കേടാണ്. അതാകട്ടെ അല്ലാഹുവിനെ ധിക്കരിക്കലുമാണ്. ഇമാം ബുഖാരിയും മുസ്‌ലിമും അബൂഹുറയ്റ(റ)യിൽനിന്ന് ഉദ്ധരിക്കുന്നു; നബിﷺ പറഞ്ഞു: "ആരെങ്കിലും എന്നെ അനുസരിച്ചാൽ അവൻ അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും എന്നോട് അനുസരണക്കേട് കാണിച്ചാൽ അവൻ അല്ലാഹുവിനോടാണ് അനുസരണക്കേട് കാണിച്ചത്."

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com

ജാലകം

# അറാക്കുചെടി

മനുഷ്യബന്ധങ്ങൾ നശിക്കാനിടവരുന്ന പല കാര്യങ്ങളുമുണ്ട്. സാമ്പത്തിക ഇടപാടുകളാണ് അതിൽ മുഖ്യപങ്കുവഹിക്കുന്നത്. സ്‌നേഹവും സൗഹൃദവും പരസ്പരം ഭദ്രമായ സമയത്ത് നടത്തുന്ന ഇടപാടുകൾ പിന്നീട് പിണക്കത്തിന്നും ക്രമേണ ശത്രുതയ്ക്കും ജീവിതകാലംവരെ നീളുന്ന നിയമവ്യവഹാരങ്ങൾക്കും നിമിത്തമാകുന്നത് സമൂഹത്തിൽ സാധാരണ കണ്ടുവരാറുണ്ട്. എല്ലാ സമുദായത്തിന്നും ഓരോ പരീക്ഷണം ഉണ്ടായിട്ടുണ്ടെന്നും എന്റെ സമുദായത്തിന്റെ പരീക്ഷണം സമ്പത്താണെന്നും നബിﷺ പറഞ്ഞതായി തിർമിദി ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം.

കാൽനൂറ്റാണ്ടുമുമ്പ് മരിച്ച ഒരാളുടെ കുടുംബസ്വത്ത് അനന്തരാവകാശികൾക്കിടയിൽ ഓഹരിവയ്ക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടു. മരിച്ച വ്യക്തിയുടെ നേരിട്ടുള്ള അവകാശികൾ ഇക്കാലത്തിന്നിടയ്ക്ക് മരിക്കുകയും ശേഷക്കാർ അവകാശികളായി രംഗത്തുവരികയും ചെയ്യുമ്പോൾ പരസ്പര സംശയത്തിലേക്കും അകൽച്ചക്കും കാരണമാകുക സ്വാഭാവികമാണ്. ഇക്കാലത്തിന്നിടയിൽ ഈ സ്വത്തിന്റെ വരുമാനം എടുത്തതും കൈകാര്യം ചെയ്തതും നാട്ടുനടപ്പനുസരിച്ച് അവകാശികളിലെ മുതിർന്ന പുരുഷന്മാരായിരിക്കും. ഒന്നിച്ചൊരു വീട്ടിൽ സ്‌നേഹത്തിൽ കഴിഞ്ഞിരുന്ന, ഒരു മാതാപിതാക്കളുടെ മക്കൾ തമ്മിലുള്ള രക്തബന്ധത്തിന്റെ ഊഷ്മളതയും അടുപ്പവും കാലം കഴിയുന്തോറും കുറഞ്ഞുവരിക സ്വാഭാവികമാണ്. അതിനാൽ മാതാപിതാക്കളുടെ അനന്തരസ്വത്ത് വീതംവയ്ക്കുന്നത് നീളുന്തോറും മുറുമുറുപ്പുകളും പിരിമുറുക്കങ്ങളുമുണ്ടാകും. അത് കുടുംബങ്ങളെ തമ്മിൽ അകറ്റാൻ ഇടയാക്കുന്നു. മാത്രമല്ല എല്ലാവർക്കുംകൂടി അവകാശപ്പെട്ട സമ്പത്ത് ഒരാൾ മാത്രം കൈകാര്യം ചെയ്യുമ്പോൾ, എത്ര സത്യസന്ധത പുലർത്താൻ ശ്രമിച്ചാലും സംശയങ്ങൾ വരുത്തുമെന്നുറപ്പാണ്. ശരിയും തെറ്റും നോക്കാത്ത വ്യക്തികളാണെങ്കിൽ നിഷിദ്ധമായ സമ്പാദ്യം തിന്നാനും തീറ്റിക്കാനും അത് കാരണമാകുന്നു. അന്തസ്സും സൽപേരും നിലനിർത്തിയിരുന്ന സർവാദരണീയരായ കുടുംബങ്ങൾപോലും അനന്തരസ്വത്തിന്റെ അവ്യക്തത കാരണം പിണങ്ങിപ്പിരിയുന്നത് കാണാം.

വിശുദ്ധഖുർആനും നബിﷺയുടെ വചനങ്ങളും, പിൽക്കാലത്ത് സച്ചരിതരായ ഖലീഫമാരുടെയും സ്വഹാബികളുടെയും ഭരണപരമായ നടപടികളും അടിസ്ഥാനപ്പെടുത്തിയുള്ള വ്യക്തമായ നിയമങ്ങളും പരിധികളും ഇസ്‌ലാമിലെ അനന്തരാവകാശ വിധികൾക്കുണ്ട്. അവ യഥാവിധി നടപ്പിലാക്കുന്ന വിഷയത്തിലാണ് സമുദായം വീഴ്ചവരുത്തുന്നത്. സ്വത്തുക്കളുടെ മൂല്യം നിർണയിക്കുന്നതിലും നീതിപൂർവകമായി വിഹിതം നൽകുന്നതിലും പലപ്പോഴും ബലിയാടുകളാവുന്നത് കുടുംബത്തിലെ സ്ത്രീ അവകാശികളാണ്. നാട്ടുകാരണവന്മാരും ആധാരമെഴുത്തുകാരുമാണ് ഈ വീതംവയ്പിൽ സാധാരണ ഇടപെടാറുള്ളത്. അവരാകട്ടെ കേട്ടുകേൾവിയെയും നടപ്പാചാരത്തെയുമാണ് ആശ്രയിക്കുക. ശരീഅത്തു പ്രകാരമുള്ള ഓഹരികളെപ്പറ്റി സങ്കീർണമായ പ്രശ്‌നങ്ങൾ പരിഹരിക്കുവാനറിയുന്നവർ മതപണ്ഡിതന്മാരിൽ തന്നെ താരതമ്യേന കുറവുമാണ്. ഇത്തരം പ്രതികൂല ഘടകങ്ങൾ ഈ മേഖലയിൽ അനീതിക്കും അന്യായത്തിന്നും ഇടം നൽകുന്നു.

സ്വത്തിന്റെ ഉടമകൾ നേരത്തേതന്നെ ഈ കാര്യത്തെപ്പറ്റി ബോധവാന്മാരാവുക എന്നതാണ് ഒരു പരിഹാരം. അതോടൊപ്പം അവകാശികളും സാമ്പത്തിക കാര്യങ്ങളിൽ സത്യസന്ധത പുലർത്തണം. ആരെങ്കിലും മറ്റൊരാളുടെ അവകാശം ഹനിച്ചെടുത്താൽ അവന്ന് അല്ലാഹു നരകം ഉറപ്പാക്കുകയും സ്വർഗം നിഷിദ്ധമാക്കുകയും ചെയ്യുമെന്ന് നബിﷺ പറഞ്ഞപ്പോൾ സ്വഹാബികൾ ചോദിച്ചു: 'നിസ്സാരമായതെന്തെങ്കിലും എടുത്താലും ഇത്ര ഗൗരവമായ ശിക്ഷയുണ്ടാകുമോ?' നബിﷺ പറഞ്ഞു: 'അതെ, ഒരു അറാക്കുചെടിയുടെ നിസ്സാരമായ കൊമ്പാണെങ്കിൽ പോലും' (മുസ്‌ലിം). പല്ലുതേക്കാൻ സാധാരണയായി ആളുകൾ ഉപയോഗിക്കുന്നതും മരുഭൂമിയിൽ യഥേഷ്ടം വളരുന്നതുമായ അറാക്കുചെടിയുടെ കൊമ്പ് പോലും അന്യരുടേതാണെങ്കിൽ എടുത്തുകൂടാ എന്ന് പറയുമ്പോൾ സാമ്പത്തിക രംഗത്തെ തീവ്രശ്രദ്ധ എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് പറയേണ്ടതില്ലല്ലോ.

കെ. ഉമർ മൗലവി

പുനർവായന



# നബിﷺയുടെ പേരിൽ സ്വലാത്ത്

നബിﷺയുടെ പേരിൽ സ്വലാത്ത് അല്ലാഹു പരിശുദ്ധക്വുർആനിൽ നിർബന്ധമായും കൽപിച്ചിട്ടുള്ള സംഗതിയാണ്. നാം നിർബന്ധപൂർവം അത് അനുഷ്ഠിച്ചുവരുന്നു. സ്വഹീഹായ ഹദീസുകളിൽ അതിന് വലിയ പുണ്യം പറഞ്ഞിട്ടുണ്ട്. അല്ലാഹുവും അവന്റെ മലക്കുകളും സ്വലാത്ത് നിർവഹിക്കുന്നു എന്ന് ക്വുർആനിൽ പറയുന്നു.

**അപ്പോൾ സ്വലാത്ത് എന്ന പദത്തിന് എന്താണ് അർഥം പറയേണ്ടത്?**

അല്ലാഹുവിന്റെ സ്വലാത്ത്, മലക്കുകളുടെ സ്വലാത്ത്, മുഅ്മിനുകളുടെ സ്വലാത്ത്, ഈ മൂന്നു സ്ഥലത്തേക്കും പറയാൻ പറ്റിയ പരിഭാഷ എന്താകുന്നു? മുഅ്മിനുകളുടെ സ്വലാത്ത് എന്നതിന് റസൂലിന് ആദരപൂർവമായ കാരുണ്യം ലഭിക്കുവാൻ അല്ലാഹുവിനോട് പ്രാർഥിക്കലാണ്. മലക്കുകളുടെ സ്വലാത്തും അതുതന്നെ. അല്ലാഹുവിന്റെ സ്വലാത്ത് എന്നതിന് ആദരപൂർവമായ കരുണചെയ്യുക എന്ന് അർഥം പറയണം. കരുണക്കു വേണ്ടി പ്രാർഥിക്കലല്ല. ഈ മൂന്നു സ്ഥാനത്തേക്കും പറ്റിയ ഒരു വാചകം ഏതെന്നു ഞാൻ ദീർഘമായി ചിന്തിച്ചിട്ട് എനിക്കു കിട്ടിയത് ആശീർവദിക്കുക എന്ന വാക്കാണ്. അപ്പോൾ അല്ലാഹു ആശീർവദിക്കുന്നു, മലക്കുകൾ ആശീർവദിക്കുന്നു, മുഅ്മിനുകൾ ആശീർവദിക്കുന്നു എന്നു പറയുന്നതിൽ അപാകത തോന്നുന്നില്ല.


കരുണചെയ്യൽ; ദയാപൂർവം ചെയ്യലുണ്ട്, ആദരപൂർവം ചെയ്യലുമുണ്ട്. ഒരു പൂച്ചക്കോ നായക്കോ ഭക്ഷണം കൊടുക്കൽ ആദരപൂർവമല്ല, ദയാപൂർവമാണ്. രാജാവിനോ നേതാവിനോ വല്ലതും കൊടുക്കൽ ആദരപൂർവം ആണ്. ഈ രണ്ടിടത്തും കാരുണ്യമുണ്ടെങ്കിലും രണ്ടാമത്തേതിൽ ആദരവുണ്ട്. ഒന്നാമത്തേതിൽ ആദരവില്ല. ഈ വ്യത്യാസം ശ്രദ്ധേയമാണ്. പ്രവാചകന് ധർമം വാങ്ങാൻ പാടില്ല. ഹദ്‌യ വാങ്ങാം. സ്വദക്വയും ഹദ്‌യയും തമ്മിലുള്ള വ്യത്യാസം; സ്വദക്വയിൽ കാരുണ്യമുണ്ട്, ആദരവില്ല. ഹദ്‌യയിൽ കാരുണ്യമുണ്ട്, ആദരവുമുണ്ട്. ഏതായാലും കാരുണ്യമുണ്ടെന്ന് തീർച്ച. അപ്പോൾ മുഅ്മിനുകളുടെ സ്വലാത്ത് ആദരവോടെയുള്ള കാരുണ്യം നബിക്ക് ലഭിക്കുവാൻ വേണ്ടി പ്രാർഥിക്കലാണ്. അപ്പോൾ ബുദ്ധിമാൻമാരേ, ചിന്തിക്കുക. നബിﷺക്ക് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുവാൻ വേണ്ടി പ്രാർഥിക്കുവാൻ കൽപിക്കപ്പെട്ടവരാണ് മുഅ്മിനുകൾ. ആ കൽപനയെ നബിﷺയോട് പ്രാർഥിക്കുവാൻ തെളിവായി പറയുന്ന മനുഷ്യരുടെ ബുദ്ധിക്കെന്തു പറ്റി? നബിയോട് പ്രാർഥിക്കുന്നതിന് ഈ കാര്യം തെളിവാണെന്ന് ബുദ്ധിയുള്ള ചില മനുഷ്യർ പറയുന്നതായി കേട്ടു. ശരിയാണ്, ബുദ്ധി അവർക്കുണ്ട്. പക്ഷേ, കീഴ്ക്കാംതൂക്കായ ബുദ്ധിയാണ്. നബിﷺയോട് പ്രാർഥിക്കുവാൻ ഒരിക്കലും പാടില്ലെന്നുള്ളതിന് വ്യക്തമായ തെളിവാണിത്. അപ്പോൾ കാര്യം അവതാളത്തിലായ കോലം നോക്കൂ!

"മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്നു പറയൽ, അതായത് നമുക്ക് രക്ഷ ലഭിക്കുവാൻ വേണ്ടി മുഹ്‌യിദ്ദീൻ ശൈഖിനോടു പ്രാർഥിക്കൽ വേണ്ടപ്പെട്ടതും നല്ലതുമായ കാര്യമാണ്. അതിലേക്കുള്ള വലിയൊരു തെളിവാണ് അത്തഹിയ്യാത്തിൽ 'അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു' എന്ന് പറയൽ."

ഞാൻ പറഞ്ഞു: "സഹോദരാ, എന്താണ് താങ്കൾ പറഞ്ഞതെന്ന് താങ്കൾ മനസ്സിലാക്കിയിട്ടുണ്ടോ? 'അസ്സലാമു അലൈക്ക അയ്യുഹന്നബിയ്യു' എന്നതിന്റെ സാരം എന്താണ്? നബിﷺക്ക് ശാന്തി ലഭിക്കാൻ വേണ്ടി നാം അല്ലാഹുവിനോട് പ്രാർഥിക്കലാണ് ആ വാചകത്തിന്റെ പൊരുൾ. അപ്പോൾ നമുക്ക് ശാന്തിയുണ്ടാകാൻ വേണ്ടി നബിﷺയോട് പ്രാർഥിക്കുക എന്നത് ഇതിൽനിന്ന് മനസ്സിലാക്കാൻ പറ്റുമോ? എന്തൊരു ജാതി ആലോചന! മുഹ്‌യിദ്ദീൻ ശൈഖിനോട് രക്ഷതേടൽ പിന്നെയല്ലേ! ഈ നിലയിൽ സംസാരിച്ച് താങ്കളെ വഴികേടിലാക്കിയ പണ്ഡിതൻ ഇബ്‌ലീസിന്റെ കൂട്ടുകാരനാണ്. അവരാണ് ഇസ്‌ലാം ദീൻ ആകെ കുഴച്ചുമറിച്ചത്. എന്തൊരു പുതുമ! മുഹമ്മദ് നബിﷺക്ക് ശാന്തി ലഭിക്കുവാൻ നാം അല്ലാഹുവിനോട് പ്രാർഥിക്കുക. നമ്മളാകട്ടെ നമുക്ക് ശാന്തിയും രക്ഷയും ലഭിക്കുവാൻ മുഹ്‌യിദ്ദീൻ ശൈഖിനോട് പ്രാർഥിക്കുക! നബിﷺക്ക് ശാന്തി ലഭിക്കുവാൻ വേണ്ടി പ്രാർഥിക്കാനുള്ള ആ കൽപനയും മുഹ്‌യിദ്ദീൻ ശൈഖിനോട് രക്ഷതേടുന്ന ഈ നടപടിയും തമ്മിലെങ്ങനെ ഒക്കും? മൊയ്‌ല്യാൻമാരുടെ കാര്യം മഹാത്ഭുതം തന്നെ! മുസ്‌ല്യാക്കൾ പറഞ്ഞത് വിശ്വസിച്ചവരുടെ കാര്യം മഹാസങ്കടം!

കിതാബോതി ബുദ്ധിമറഞ്ഞു എന്നു കേട്ടിട്ടുണ്ട്. അതായത്, ഓതിപ്പഠിച്ചതിന്നു നേരെ വിപരീതമായി പറയൽ ബുദ്ധിയുടെ കരണംമറിച്ചിലാണ്. ആ മറിച്ചിലാണിവിടെ സംഭവിച്ചിരിക്കുന്നത്. നേർക്കുനേരെ കാര്യങ്ങൾ മനസ്സിലാക്കുകയും മനസ്സിലായത് സമ്മതിക്കുകയും അത് തുറന്നുപറയുകയും ചെയ്യലാണ് ശരിയായ മാർഗം. ഇതിനെ തുടർന്ന് പ്രാർഥനയെപറ്റി രണ്ടുവാക്ക്: പ്രാർഥന ആരാധനയാണ്. അല്ലാഹുവേ രക്ഷിക്കണേ എന്ന് പ്രാർഥിച്ചാൽ അല്ലാഹുവിനെ ആരാധിച്ചു. മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്ന് പ്രാർഥിച്ചാൽ ശൈഖിനെ ആരാധിച്ചു. ഒരു പോലീസിനോട് രക്ഷിക്കണേ എന്നപേക്ഷിച്ചാൽ അത് പ്രാർഥനയല്ല, ആരാധനയുമല്ല. എന്താണ് വ്യത്യാസം?

> **"അദൃശ്യമായ കഴിവിൽ വിശ്വസിച്ചുകൊണ്ടുള്ള അപേക്ഷയാണ് പ്രാർഥന. അതുതന്നെയാണ് ആരാധനയും. അല്ലാഹുവിനെ സംബന്ധിച്ചും ശൈഖിനെ സംബന്ധിച്ചും ആ വിശ്വാസമുണ്ട്. അതുകൊണ്ടാണ് അത് പ്രാർഥനയും ആരാധനയുമായത്. പോലീസിനെപ്പറ്റി ആ വിശ്വാസം ഇല്ല. അതുകൊണ്ട് രക്ഷിക്കണേ എന്ന് പോലീസിനോട് അപേക്ഷിക്കൽ പ്രാർഥനയല്ല, ആരാധനയുമല്ല. വളരെ പ്രധാനവും പ്രത്യക്ഷവുമായ ഈ വ്യത്യാസം പലരും ശ്രദ്ധിക്കുന്നില്ല. അതുപോലെതന്നെ അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കൽ പാടില്ലെന്നു പറയുമ്പോൾ അല്ലാഹു സ്നേഹിച്ചവരും വെറുത്തവരും തമ്മിൽ വ്യത്യാസമില്ലെന്നു മനസ്സിലാക്കണം. അത് മനസ്സിലാക്കാത്തതിനാൽ പലരും വലിയ പിഴവിൽ പെട്ടുപോയിരിക്കുന്നു."**



അദൃശ്യമായ കഴിവിൽ വിശ്വസിച്ചുകൊണ്ടുള്ള അപേക്ഷയാണ് പ്രാർഥന. അതുതന്നെയാണ് ആരാധനയും. അല്ലാഹുവിനെ സംബന്ധിച്ചും ശൈഖിനെ സംബന്ധിച്ചും ആ വിശ്വാസമുണ്ട്. അതുകൊണ്ടാണ് അത് പ്രാർഥനയും ആരാധനയുമായത്. പോലീസിനെപ്പറ്റി ആ വിശ്വാസം ഇല്ല. അതുകൊണ്ട് രക്ഷിക്കണേ എന്ന് പോലീസിനോട് അപേക്ഷിക്കൽ പ്രാർഥനയല്ല, ആരാധനയുമല്ല. വളരെ പ്രധാനവും പ്രത്യക്ഷവുമായ ഈ വ്യത്യാസം പലരും ശ്രദ്ധിക്കുന്നില്ല. അതുപോലെതന്നെ അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കൽ പാടില്ലെന്നു പറയുമ്പോൾ അല്ലാഹു സ്നേഹിച്ചവരും വെറുത്തവരും തമ്മിൽ വ്യത്യാസമില്ലെന്നു മനസ്സിലാക്കണം. അത് മനസ്സിലാക്കാത്തതിനാൽ പലരും വലിയ പിഴവിൽ പെട്ടുപോയിരിക്കുന്നു. അല്ലാഹു സ്നേഹിച്ചരോട് പ്രാർഥിക്കുന്നതിന് വിരോധമില്ല. അല്ലാഹു വെറുത്തവരോട് പ്രാർഥിക്കുന്നതാണ് വിരോധം എന്നവർ പറയുന്നു. ഞാൻ പള്ളിദർസിൽ കിതാബോതിക്കൊണ്ടിരുന്നപ്പോൾ "മുഹ്‌യിദ്ദീൻ ശൈഖേ രക്ഷിക്കണേ എന്ന് പ്രാർഥിക്കുന്നത് നാം സമ്മതിക്കുകയും ഗുരുവായൂരപ്പാ രക്ഷിക്കണമേ എന്ന് പ്രാർഥിക്കുന്നത് വെറുക്കുകയും ചെയ്യുന്നുണ്ടല്ലോ, എന്താണ് വ്യത്യാസം? അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കരുതെന്നാണല്ലോ പറഞ്ഞിട്ടുള്ളത്" എന്നു ചോദിച്ചു. അപ്പോൾ ഉസ്താദ് പറഞ്ഞ മറുപടിയുടെ ചുരുക്കം: "ശൈഖ് അല്ലാഹുവിന് പ്രിയപ്പെട്ട ആളാണ്. അപ്പൻ അല്ലാഹുവിന് വെറുക്കപ്പെട്ടവനും." അപ്പോൾ ഞാൻ ചോദിച്ചു: "അങ്ങനെയാണെങ്കിൽ ഈസാനബി(عليه السلام)യെ നാം വിളിച്ചുപ്രാർഥിക്കുന്നതിലെന്താണ് വിരോധം?" ...അപ്പോൾ നമ്മുടെ സുന്നി മുസ്‌ല്യാക്കൾ ഈ രണ്ടുവിഷയവും-(ഒന്ന്) പ്രാർഥന ആരാധനയാണെന്നുള്ളത്. (രണ്ട്) അല്ലാഹു അല്ലാത്തവരോട് പ്രാർഥിക്കാൻ പാടില്ലെന്നു പറഞ്ഞപ്പോൾ അല്ലാഹുവിന് പ്രിയപ്പെട്ടവരും വെറുക്കപ്പെട്ടവരും വ്യത്യാസമില്ലെന്നത്- മനസ്സിലാക്കിയിരുന്നെങ്കിൽ കുഴപ്പം കുറെ തീരുമായിരുന്നു.

പ്രാർഥനയുടെ മഹത്ത്വം വളരെ പ്രധാനമാണ്. പ്രാർഥന ഇബാദത്താണ്. പ്രാർഥന ഉൾക്കൊള്ളുന്ന കാര്യവും ഇബാദത്താണ്. ഇബാദത്തുകളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണല്ലോ നമസ്കാരം. അത് അല്ലാഹുവിനോടുള്ള പ്രാർഥനയുടെ അടിസ്ഥാനത്തിലല്ലാതെ ചെയ്താൽ ഇബാദത്ത് എന്ന സ്ഥാനം നഷ്ടപ്പെടും. ധർമം ഇബാദത്താണ്. അല്ലാഹുവിനോടുള്ള പ്രാർഥനയുടെ അടിസ്ഥാനത്തിലല്ലാതെ ചെയ്താൽ ഇബാദത്ത് എന്ന സ്ഥാനം നഷ്ടപ്പെടും. ഫീ സബീലിൽ യുദ്ധംചെയ്ത് ശഹീദാകൽ ഇബാദത്താണ്. അല്ലാഹുവിനോടുള്ള പ്രാർഥനയുടെ അടിസ്ഥാനത്തിലല്ലാതെ ചെയ്താൽ ഇബാദത്തെന്ന സ്ഥാനം നഷ്ടപ്പെടും.

അപ്പോൾ പ്രാർഥനയുടെ പ്രാധാന്യം വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. ഇത്രയും പ്രധാനപ്പെട്ട പ്രാർഥന ഇബാദത്താണെന്ന് സുന്നികൾ മനസ്സിലാക്കിയിട്ടില്ല. സാധാരണക്കാർ പോകട്ടെ, അവരുടെ പണ്ഡിതന്മാർ മനസ്സിലാക്കിയിട്ടില്ല. മഹാ സങ്കടവും മഹാവ്യസനവും തന്നെ. അപ്പോൾ മുഹമ്മദ്നബിﷺക്ക് ആദരപൂർണമായ കരുണ ചെയ്യണേയെന്ന് നമ്മൾ പ്രാർഥിക്കുമ്പോൾ അല്ലാഹു അത് അംഗീകരിക്കുകയും അതിനു നിശ്ചയിക്കപ്പെട്ട പ്രതിഫലം നമുക്ക് നൽകുകയും ചെയ്യണേയെന്ന പ്രാർഥന നമ്മളുടെ മനസ്സിൽ ഉണ്ടെങ്കിൽ അതൊരു പ്രധാന ഇബാദത്താകുന്നു. നബിﷺയുടെ സ്നേഹവും അടുപ്പവും ലഭിക്കണമെന്ന ഉദ്ദേശത്തിലാണെങ്കിൽ അല്ലാഹുവിന് ഇബാദത്ത് എന്ന പദവി നഷ്ടപ്പെടും. കർമങ്ങൾ പരിഗണിക്കുന്നത് മനസ്സിരുപ്പിന്റെ അടിസ്ഥാനത്തിലാകുന്നു. കർമം എത്ര വിശേഷപ്പെട്ടതായാലും മനസ്സിരുപ്പ് നന്നായിട്ടില്ലെങ്കിൽ പോക്കുതന്നെ. അല്ലാഹുവിന്റെ തൃപ്തിയും പ്രതിഫലവും മാത്രമെ ഉദ്ദേശിക്കാവൂ. വേറെ വല്ലതും ഉദ്ദേശിച്ചാൽ ഉദ്ദേശിച്ച കാര്യം സാധിച്ചെന്നും ഇല്ലെന്നുംവരാം. അല്ലാഹുവിന്റെ തൃപ്തി നഷ്ടപ്പെടും. ഭൗതികാവശ്യങ്ങൾ, അത് ലക്ഷ്യമാക്കാതെന്നെ കിട്ടുകയും ചെയ്യും. ജനങ്ങളുടെ ഇടയിൽ സൽക്കീർത്തി ആഗ്രഹിക്കാതെ ധർമം കൊടുത്താൽ ജനം അയാളെപ്പറ്റി നല്ലതു പറയാതിരിക്കുകയില്ല.

**(സൽസബീൽ മാസിക, 1999 ഒക്ടോബർ ലക്കത്തിൽനിന്ന്)**



നബീൽ പയ്യോളി
nabeelpayyoly@gmail.com

കവർ സ്റ്റോറി

# മുറിവേൽപ്പിക്കരുത് കേരളത്തിന്റെ മതനിരപേക്ഷ പാരമ്പര്യത്തെ

**നിയമസഭാ തെരഞ്ഞെടുപ്പ് അടുത്തുവന്നിരിക്കെ ആരോപണ പ്രത്യാരോപണങ്ങളുമായി രാഷ്ട്രീയ പാർട്ടികൾ സജീവമാണ്. രാഷ്ട്രീയ വിശകലനങ്ങൾ നടത്തുകയും വികസന കാര്യങ്ങൾ ചർച്ചക്ക് വിധേയമാക്കുകയും ചെയ്തിരുന്ന മുൻകാല പാരമ്പര്യം വെടിഞ്ഞ് മതനിരപേക്ഷതയെയും മൂല്യങ്ങളെയും തച്ചുതകർക്കുന്ന രൂപത്തിലാണിന്ന് ചർച്ചകളും വിമർശനങ്ങളും മുറുകുന്നത്. പ്രബുദ്ധ കേരളത്തിനിത് ഭൂഷണമല്ല.**

കേരളം ഗൗരവമേറിയ മറ്റൊരു തെരഞ്ഞെടുപ്പിലേക്ക് നീങ്ങുകയാണ്. സംസ്ഥാനം ആരു ഭരിക്കണം എന്ന് തീരുമാനിക്കുന്ന തെരഞ്ഞെടുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും ലോക്സഭയിലേക്കും നടന്ന തെരഞ്ഞെടുപ്പുകളിൽനിന്നും തികച്ചും വ്യത്യസ്തമാണ്. കേരളത്തിന്റെ തനത് രാഷ്ട്രീയവും വികസന കാഴ്ചപ്പാടുകളുമാണ് ഈ തെരഞ്ഞെടുപ്പിന്റെ മുഖ്യ ചർച്ചാവിഷയം. ഓരോ രാഷ്ട്രീയ പ്രസ്ഥാനവും മുന്ന

ണികളും ജനങ്ങൾക്ക് മുമ്പിൽ വയ്ക്കുന്ന രാഷ്ട്രീയ, വികസന കാഴ്ചപ്പാടുകൾ വിലയിരുത്തിയാവും വോട്ടർമാർ തങ്ങളുടെ സമ്മതിദാനാവകാശം വിനിയോഗിക്കുക. ഇടത്, വലത് മുന്നണികളെ മാറിമാറി വിജയിപ്പിച്ച ചരിത്രമാണ് കേരളത്തിനുള്ളത്. ഓരോ അഞ്ചുവർഷവും ഭരണമാറ്റം വിധിക്കുന്നവരാണ് മലയാളികൾ.

1956ൽ പാർലമെന്റ് പാസാക്കിയ സംസ്ഥാന പുനഃസംഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ആ വർഷം നവംബർ ഒന്നിന് കേരളം പിറക്കുന്നത്. തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഒരു ഭാഷ സംസാരിക്കുന്നവരുടെ നാട് എന്ന നിലയിൽ ഔപചാരികമായി ഒരുമിപ്പിച്ചാണ് 'ഐക്യ കേരളം' രൂപംകൊണ്ടത്.1957 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടന്ന പൊതുതെരഞ്ഞെടുപ്പിലൂടെ ഏപ്രിൽ ഒന്നാം തീയതി ആദ്യ നിയമസഭ നിലവിൽ വരികയും ഏപ്രിൽ അഞ്ചാം തീയതി ഇ.എം.എസിന്റെ നേതൃത്വത്തിൽ പതിനൊന്നംഗ മന്ത്രിസഭ അധികാരമേൽക്കുകയും ചെയ്തു. ജനാധിപത്യ പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ട ആദ്യ കമ്യൂണിസ്റ്റ് ഭരണകൂടം എന്ന പ്രത്യേകതയും കേരളത്തിന്റെ പ്രഥമ മന്ത്രിസഭയ്ക്കുണ്ട്. മുന്നണി സംവിധാനം കേരളരാഷ്ട്രീയത്തെ മറ്റിടങ്ങളിലെ രാഷ്ട്രീയ സാഹചര്യങ്ങളിൽനിന്നും വ്യത്യസ്തമാക്കി. വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മുന്നണി മാറ്റവും നിലപാടുകളും വിവാദങ്ങളുമെല്ലാം കേരളത്തിന്റെ തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ആരോഗ്യകരമായ അധ്യായങ്ങളായി നമുക്ക് മുന്നിലുണ്ട്. അവ കേരളത്തിന്റെ സാമൂഹിക ഘടനയിൽ പ്രതികൂലമയി ബാധിക്കുന്നവയായിരുന്നില്ല.

പതിനാലാം നിയമസഭയുടെ അവസാന സമ്മേളനം പോയവാരത്തിൽ നടന്നു. ഇനി പതിനഞ്ചാമത് നിയമ സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് ഗോഥയിലാണ് കേരളം. കേരള രാഷ്ട്രീയ ചരിത്രത്തിലെ ഇന്നലെകളിലേക്ക് കണ്ണോടിക്കുമ്പോൾ രാജ്യത്തിന്റെ രാഷ്ട്രീയ ഗതിവിഗതികളും വിവാദങ്ങളും കേരളത്തിന്റെ തെരഞ്ഞെടുപ്പുകളിൽ വിഷയീഭവിച്ചതായി കാണാം. ജാതി, മത, രാഷ്ട്രീയ വിഷയങ്ങളിൽ സവിശേഷമായ സമവാക്യങ്ങൾ കാത്തുസൂക്ഷിച്ചുപോരുന്ന പാരമ്പര്യമാണ് കേരളത്തിന്റേത്. ഏതു പ്രതിസന്ധിഘട്ടത്തിലും രാഷ്ട്രീയ സാഹചര്യങ്ങളിലും മതനിരപേക്ഷതയും ജനാധിപത്യബോധവും കൈവിടാതെ വിവേകപൂർവം പ്രവർത്തിക്കാൻ കേരളം ഔന്നത്യം കാണിച്ചിട്ടുണ്ട് എന്നതാണ് രാജ്യത്തെ മറ്റിടങ്ങളിൽ നിന്നും നമ്മുടെ നാടിനെ വ്യത്യസ്തമാക്കുന്നത്. കേരളത്തിനുപുറത്ത് നിലപാടുകളിൽ കാർക്കശ്യവും തീവ്രതയും വച്ചുപുലർത്തുന്നവർപോലും കേരളത്തിന്റെ സാമൂഹിക ഘടനയിലെ പ്രത്യേകതകൾ കൊണ്ടാവാം ജനാധിപത്യ, മതനിരപേക്ഷ മൂല്യങ്ങളോട് താദാത്മ്യം പ്രാപിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

എന്നാൽ കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി രാജ്യത്തിന്റെ രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. രാജ്യത്തിന്റെ മതനിരപേക്ഷതയും ജനാധിപത്യമൂല്യങ്ങളും തച്ചുതകർത്ത് ഫാസിസ്റ്റ് ശക്തികൾ തേരോട്ടം നടത്തുന്ന സമകാലിക സാഹചര്യം ഓരോ പൗരന്റെയും നിലപാടുകളും കാഴ്ചപ്പാടുകളും മാറ്റിമറിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. സാമൂഹിക മാധ്യമങ്ങളും വാളെടുത്തവൻ വെളിച്ചപ്പാടാവുന്ന സാഹചര്യവും ഒക്കെ സങ്കീർണമായ അന്തരീക്ഷമാണ് നമുക്ക് ചുറ്റും രൂപപ്പെടുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ നടക്കാനിരിക്കുന്ന കേരള നിയമസഭാതെരഞ്ഞെടുപ്പിന് വലിയ പ്രാധാന്യവും പ്രത്യേകതയുമുണ്ട്. കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ ഘടനയിൽ സമൂലമായ മാറ്റത്തിന് ഹേതുവാകുന്ന തെരഞ്ഞെടുപ്പ് കൂടിയാണിത്.

> **രാഷ്ട്രീയ വിഷയങ്ങളും വികസനവും ചർച്ച ചെയ്യപ്പെടേണ്ട തെരഞ്ഞെടുപ്പുകാലത്ത് വർഗീയതയെ മുഖ്യചർച്ചാവിഷയമാക്കാൻ ബോധപൂർവമായ ശ്രമങ്ങൾ ഈ അടുത്തകാലത്ത് മാത്രം കണ്ടുതുടങ്ങിയതാണ്. ഇന്ത്യയെ മുഴുവൻ സംഘപരിവാർശക്തികൾ വരിഞ്ഞുമുറുക്കിയപ്പോൾ പിടികൊടുക്കാതെനിന്ന ഏതാനും ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഭൂരിപക്ഷ, ന്യൂനപക്ഷ വ്യത്യാസമില്ലാതെ ജാതി, മത, വർഗ, രാഷ്ട്രീയ വൈജാത്യങ്ങളെ മനുഷ്യത്വം എന്ന ഒറ്റ നൂലിൽ കെട്ടാൻ മലയാളികൾക്ക് എന്നും സാധിച്ചിരുന്നു. അതുകൊണ്ടുതന്നെയാണ് രാജ്യത്തെ നടുക്കിയ ചില പ്രതിസന്ധികൾക്ക് മുമ്പിൽ മാതൃകാപരമായ നിലപാട് കൈക്കൊള്ളാനും ഒരേമനസ്സോടെ മനുഷ്യത്വവിരുദ്ധ നിലപാടുകൾക്കെതിരെ ശബ്ദിക്കാനും മലയാളികൾ ആർജവവും തന്റേടവും കാണിച്ചത്.**

മുമ്പെങ്ങുമില്ലാത്തവിധം വർഗീയ വൈറസുകൾ നമുക്കുചുറ്റും കറങ്ങി നടക്കുന്നു എന്നത് മലയാളിയെ വല്ലാതെ അസ്വസ്ഥമാക്കുന്നു. ഏത് വിഷയത്തിലും വർഗീയത ചികയുന്ന തികച്ചും നിരാശാജനകമായ സാഹചര്യത്തിലേക്ക് നമ്മുടെ നാട് മാറുകയാണോ? തികഞ്ഞ രാഷ്ട്രീയ വിഷയങ്ങളും വികസനവും ചർച്ച ചെയ്യപ്പെടേണ്ട തെരഞ്ഞെടുപ്പുകാലത്ത് അതിനെക്കാളെല്ലാമുപരി വർഗീയതയെ മുഖ്യ ചർച്ചാവിഷയമാക്കാൻ ബോധപൂർവമായ ശ്രമങ്ങൾ ഈ അടുത്തകാലത്ത് മാത്രം കണ്ടുതുടങ്ങിയതാണ്. ഇന്ത്യയെ മുഴുവൻ സംഘപരിവാർശക്തികൾ വരിഞ്ഞുമുറുക്കിയപ്പോൾ പിടികൊടുക്കാതെനിന്ന ഏതാനും ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഭൂരിപക്ഷ, ന്യൂനപക്ഷ വ്യത്യാസമില്ലാതെ ജാതി, മത, വർഗ, രാഷ്ട്രീയ വൈജാത്യങ്ങളെ മനുഷ്യത്വം എന്ന ഒറ്റ നൂലിൽ കെട്ടാൻ മലയാളികൾക്ക് എന്നും സാധിച്ചിരുന്നു. അത്കൊണ്ടുതന്നെയാണ് രാജ്യത്തെ നടുക്കിയ ചില പ്രതിസന്ധികൾക്ക് മുമ്പിൽ മാതൃകാപരമായ നിലപാട് കൈക്കൊള്ളാനും ഒരേമനസ്സോടെ മനുഷ്യത്വവിരുദ്ധ നിലപാടുകൾക്കെതിരെ ശബ്ദിക്കാനും മലയാളികൾ ആർജവവും തന്റേടവും കാണിച്ചത്. രാജ്യം എന്നും ഉറ്റുനോക്കിയ നിലപാടുകളാണ് മലയാളമണ്ണ് എന്നും സ്വീകരിച്ചതും പ്രയോഗവത്കരിച്ചതും.

> നാടിന്റെ സമാധാനത്തിനും സഹവർത്തിത്വത്തിനും വിഘാതമാവുന്ന നിലപാടുകളും പ്രചാരണങ്ങളും തങ്ങളുടെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടാവില്ലെന്ന് തീരുമാനിക്കാനുള്ള വിവേകം വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും മതസംഘടനാനേതാക്കളും പ്രബുദ്ധ മലയാളിയും കാണിക്കേണ്ടതുണ്ട്. വർഗീയ, ഫാസിസ്റ്റ് ശക്തികൾക്ക് നമ്മുടെ മണ്ണിൽ ഇടംകൊടുക്കുന്നത് ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രമെ പ്രതികൂലമായി ബാധിക്കുകയുള്ളൂ എന്ന ചിന്ത വങ്കത്തമാണ്. അത് ഓരോ മലയാളിയുടെയും സൈര്യജീവിതത്തെ ഇല്ലാതാക്കും. അതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്ന പാഠം. സ്വാർഥത തീർക്കുന്ന അന്ധതയിൽ എടുക്കുന്ന അപക്വനിലപാടുകൾ ആത്മഹത്യാപരമാണ് എന്ന തിരിച്ചറിവ് നഷ്ടപ്പെട്ടുകൂടാ.

ഇന്ത്യൻ മതേതരത്വത്തിന്റെ മുഖത്തേറ്റ അടിയായി ചരിത്രം രേഖപ്പെടുത്തിയ ബാബരി മസ്ജിദ് ധ്വംസനവും അതിനെ തുടർന്നുണ്ടായ കലാപങ്ങളും രാജ്യത്തെ കരയിപ്പിച്ചെങ്കിലും കേരളം ഒറ്റക്കെട്ടായി നിന്ന് ആ പ്രതിസന്ധിയോട് ക്രിയാത്മകമായി പ്രതികരിച്ചു. വർഗീയ കലാപങ്ങളും സംഘട്ടനങ്ങളും കേരളമണ്ണിൽ ഇല്ലാതെപോയതും ഈ ജാഗ്രതയുടെ ഫലമായിരുന്നു. നമ്മുടെ സമാധാനത്തിന് കോട്ടം തട്ടുന്ന ഒരു നിലപാടും ആരുടെ ഭാഗത്തുനിന്നും ഉണ്ടാവരുതെന്ന് മത, രാഷ്ട്രീയ നേതൃത്വങ്ങൾ തീരുമാനിക്കുകയും അത് അണികളെ ബോധ്യപ്പെടുത്തുകയും ചെയ്തു. ഇന്ത്യാചരിത്രത്തിലെ ആ പ്രതിസന്ധിഘട്ടത്തിൽ പ്രകോപനങ്ങൾക്ക് അടിമപ്പെടാതെ മാനവികമൂല്യങ്ങളുടെ മഹിതമാതൃകയായി കേരളം നിലകൊണ്ടതിൽ എന്നും അഭിമാനിക്കുന്നവരാണ് മലയാളികൾ.

ഈ പ്രത്യേകതകൾകൊണ്ട് തന്നെയാണ് കേരളമണ്ണിൽ വർഗീയതക്ക് വേരോട്ടം ലഭിക്കാതെ പോയത്. ഭൂരിപക്ഷ, ന്യൂനപക്ഷ വർഗീയതയെ കേരളീയ പൊതുമണ്ഡലത്തിൽനിന്നും അകറ്റിനിർത്താനും ജാതി, മത, വർഗ, രാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാവരും ഇടകലർന്ന് ജീവിക്കാനും ഇടപഴകാനുമുള്ള സാഹചര്യം കേരളത്തിന്റെ ഈ നിലപാടിന്റെ ഫലമാണ്. തങ്ങളുടെതായ വിശ്വാസവും ആചാരവും രാഷ്ട്രീയവും എല്ലാം മുറുകെപിടിച്ചുകൊണ്ടുതന്നെ പാരസ്പര്യത്തിലൂന്നിയ സാമൂഹികഘടന കേരളത്തിന്റെ സവിശേഷതയാണ്. വർഗീയതയുടെ വിഷവിത്തുകളെ മാറ്റിനിർത്താനും സഹവർത്തിത്വത്തിന്റെ ജീവിത സാഹചര്യങ്ങൾ നിലനിർത്താനും അത്കൊണ്ടുതന്നെ മലയാളികൾക്ക് സാധിച്ചിട്ടുണ്ട്.

ബിജെപിയും സംഘപരിവാർ സംഘടനകളും കാലങ്ങളായി കേരളീയ പൊതുസമൂഹത്തിൽ നുഴഞ്ഞുകയറാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവരുടെ ശ്രമങ്ങൾക്ക് വിഘാതമായി എന്നും നിലകൊള്ളുന്നത് ഈ മതനിരപേക്ഷ നിലപാടുകളാണ്. കഴിഞ്ഞ ആറ് പതിറ്റാണ്ടിനിടയിൽ ആദ്യമായാണ് ബിജെപിക്ക് കേരളത്തിൽ ഒരു നിയമസഭാംഗം ഉണ്ടാവുന്നത് എന്നതുതന്നെയാണ് കേരളം കാത്തുസൂക്ഷിച്ച മതനിരപേക്ഷ മൂല്യങ്ങളുടെ ഫലം. എന്നാൽ ഇന്ന് ഈ മൂല്യങ്ങൾക്ക് മുകളിൽ അധികാരരാഷ്ട്രീയം സ്ഥാനം പിടിച്ചിരിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അധികാരം നേടാനും നിലനിർത്താനും ഏത് ദുഷ്ടശക്തികളെയും കൂടെക്കൂട്ടാനും ആർക്കും മടിയില്ലാത്ത സാഹചര്യം ആത്മഹത്യാപരമാണ്. ശബ

രിമല സ്ത്രീപ്രവേശനം, ക്രൈസ്തവ പള്ളി തർക്കങ്ങൾ, സവർണ സംവരണം തുടങ്ങി വിവിധ മതങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ ഭരണകൂടത്തിന്റെ അപക്വമായ നിലപാടുകൾ വർഗീയ ചേരിതിരിവിന് വഴിവയ്ക്കുന്ന സാഹചര്യം സംജാതമാക്കി.

മതരഹിത പ്രത്യയശാസ്ത്രങ്ങൾ മതവിശ്വാസങ്ങൾക്കും വിശ്വാസികൾക്കും നേരെ നടത്തുന്ന നാടകങ്ങളും ഫ്ളാഷ്മോബുകളും വിശ്വാസവിരുദ്ധ നിലപാടുകളും പൊതു ഇടങ്ങളിൽ തീർക്കുന്ന മുറിവ് ചെറുതല്ല. നാസ്തികതയുടെ കുപ്പായമിട്ട പുരോഗമനവാദികൾ സംഘപരിവാർ അജണ്ട നടപ്പിലാക്കുന്ന കാഴ്ചയും കേരളീയ പൊതുമണ്ഡലത്തെ മലീമസമാക്കിയിട്ടുണ്ട്. മതവിരുദ്ധതയുടെ അന്ധതയിൽ മാനവികമൂല്യങ്ങൾ പോലും കാറ്റിൽപറത്തുകയാണ് ഇത്തരം അൽപന്മാർ. സ്വാർഥ താൽപര്യങ്ങൾക്കു വേണ്ടി എടുക്കുന്ന അപക്വമായ നിലപാടുകൾക്ക് കേരളം വലിയ വിലനൽകേണ്ടിവരും.

മുസ്‌ലിം ലീഗ് വർഗീയ പാർട്ടിയാണെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറിയും മറ്റുചിലരും നാഴികക്ക് നാൽപതു വട്ടം പറഞ്ഞുകൊണ്ടിരിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങളിൽ നിന്നുള്ളവർ രാഷ്ട്രീയ പാർട്ടികളുടെ പ്രധാന സ്ഥാനങ്ങളിൽ അവരോധിക്കപ്പെടുന്നതും വർഗീയമായി മാത്രം കാണാനേ ചിലർക്ക് സാധിക്കുന്നുള്ളൂ. മലപ്പുറത്തിന്റെ ഉള്ളടക്കം വർഗീയമാണെന്നും ഇസ്‌ലാമിക വസ്ത്രധാരണവും ആചാരങ്ങളും അപരിഷ്കൃതമാണെന്നും പ്രചരിപ്പിക്കാനും വിപ്ലവ വിദ്യാർഥി യുവജന പ്രസ്ഥാനങ്ങൾക്ക് വലിയ ആവേശമാണ് എന്നും. എന്നാൽ തെരഞ്ഞെടുപ്പ് കാലത്തും ചില പ്രത്യേക പരിപാടികളിലും ഇത്തരം വേഷക്കാരെ പ്രത്യേകം ഹൈലൈറ്റ് ചെയ്ത് കാണിക്കുന്ന വിരോധാഭാസവും നമ്മൾ കാണുന്നു. സംവരണ വിഷയത്തിലെ നിലപാടുകൾ അടക്കം എല്ലാം വർഗീയതയുടെ മഞ്ഞക്കണ്ണടയിലൂടെ മാത്രം കാണാനാണ് ഇടതുപക്ഷം ശ്രമിക്കുന്നത് എന്ന ആരോപണം ശക്തമാണിന്ന്. ഗെയിൽവിരുദ്ധ സമരത്തിൽ മതം തിരയുന്നു, സ്വർണക്കടത്ത് കേസിലെ പ്രതികളുടെ മതം ചർച്ചയാകുന്നു. ഇങ്ങനെ വർഗീയതക്ക് ദാഹിക്കുന്നവരായി നമ്മുടെ രാഷ്ട്രീയ നേതൃത്വത്തിലെ ചിലരെങ്കിലും മാറുന്നത് സാമൂഹികാരോഗ്യത്തെ ക്ഷീണിപ്പിക്കുന്നു എന്നത് യാഥാർഥ്യമാണ്. വിവിധ മതവിഭാഗങ്ങളുടെ പേരിൽ നാഥനില്ലാ പ്രചരണങ്ങൾ അഴിച്ചുവിടുന്നു. ന്യൂനപക്ഷങ്ങൾ അനർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നു എന്ന് കല്ലുവെച്ച നുണകൾ നിരന്തരം പ്രചരിപ്പിക്കുന്നു. വിവിധ മത വിഭാഗങ്ങളെ തമ്മിലടിപ്പിച്ച് ചോരകുടിക്കുന്ന ചെന്നായ്ക്കളുടെ റോളിലാണ് ചില രാഷ്ട്രീയ നേതാക്കൾ ഇന്ന്. അത് തിരുത്തിയെ മതിയാവൂ.

നാടിന്റെ സമാധാനത്തിനും സഹവർത്തിത്വത്തിനും വിഘാതമാവുന്ന നിലപാടുകളും പ്രചാരണങ്ങളും തങ്ങളുടെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടാവില്ലെന്ന് തീരുമാനിക്കാനുള്ള വിവേകം വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും മതസംഘടനാനേതാക്കളും പ്രബുദ്ധ മലയാളിയും കാണിക്കേണ്ടതുണ്ട്. വർഗീയ, ഫാസിസ്റ്റ് ശക്തികൾക്ക് നമ്മുടെ മണ്ണിൽ ഇടംകൊടുക്കുന്നത് ഏതെങ്കിലും ഒരു വിഭാഗത്തെ മാത്രമെ പ്രതികൂലമായി ബാധിക്കുകയുള്ളൂ എന്ന ചിന്ത വങ്കത്തമാണ്. അത് ഓരോ മലയാളിയുടെയും സൈര്യജീവിതത്തെ ഇല്ലാതാക്കും. അതാണ് ചരിത്രം നമ്മെ പഠിപ്പിക്കുന്ന പാഠം. സ്വാർഥത തീർക്കുന്ന അന്ധതയിൽ എടുക്കുന്ന അപക്വനിലപാടുകൾ ആത്മഹത്യാപരമാണ് എന്ന തിരിച്ചറിവ് നഷ്ടപ്പെട്ടുകൂടാ.

കോൺഗ്രസ്സ് മുക്ത ഭാരതം എന്നതിൽ കേരളം കൂടി ഉൾപ്പെടും എന്ന് ബിജെപി പറയുമ്പോൾ അത് ഏറ്റുപിടിക്കുന്നവരായി ഇടതുപക്ഷം മാറരുത്. ഇടതുപക്ഷം പതിറ്റാണ്ടുകളോളം ഒറ്റക്ക് ഭരിച്ച സംസ്ഥാനങ്ങളെ ഇന്ന് ബിജെപി വിഴുങ്ങിക്കഴിഞ്ഞിരിക്കുന്നു. പശ്ചിമ ബംഗാളിൽ മമതാക്യാമ്പിൽനിന്നും പലരും ഫാസിസം പുൽകുന്നത് മതനിരപേക്ഷ മനസ്സുകളെ അസ്വസ്ഥമാക്കുന്നുണ്ട്.

മതേതര ജനാധിപത്യ മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ഇടത്, വലത് മുന്നണികൾ സജീവമായി തന്നെ കേരളത്തിൽ ഉണ്ടാവണം. ഏതെങ്കിലും ഒരു മുന്നണിക്ക് ഉണ്ടാകുന്ന അപചയം, കയറിക്കൂടാൻ തക്കംപാർത്തിരിക്കുന്ന ബിജെപിക്ക് അവസരമായി മാറുകയാണ് ചെയ്യുക. അത് കേരളത്തെ മുഴുവനായും ബിജെപി വിഴുങ്ങുന്ന അവസ്ഥയിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്തേക്കാം. അത്കൊണ്ടുതന്നെ കേരളത്തിന്റെ മതേതര പാരമ്പര്യത്തെ തകർക്കുന്ന നിലപാടുകളിൽനിന്ന് മത, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വിട്ടുനിൽക്കുകയും അത് അണികളെ ബോധ്യപ്പെടുത്തുകളും ചെയ്യണം. വർഗീയ ചിന്തകൾക്കെതിരെ നിതാന്ത ജാഗ്രതപുലർത്തുകയും വേണം. നാടുണ്ടെങ്കിലേ അധികാരമുള്ളൂ, സമാധാനമുണ്ടെങ്കിലേ ജീവിതത്തിന് അർഥമുള്ളൂ.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com

ലേഖനം



# കാരുണ്യവാന്റെ കരുണയുള്ള മതം

പ്രപഞ്ചസ്രഷ്ടാവായ അല്ലാഹു പരമകാരുണികനാണ്. ഒരു മാതാവിന് തന്റെ കുഞ്ഞിനോടുള്ളതിനെക്കാൾ കാരുണ്യം അല്ലാഹുവിന് തന്റെ ദാസന്മാരോടുണ്ട്. അവൻ നമ്മെ സൃഷ്ടിച്ചതും നമുക്ക് അന്നപാനീയങ്ങൾ തരുന്നതും സൗഖ്യം നൽകുന്നതും വസ്ത്രം തരുന്നതും മഴ വർഷിപ്പിക്കുന്നതും സസ്യലതാതികൾ മുളപ്പിക്കുന്നതുമെല്ലാം അവന്റെ കാരുണ്യത്തിന്റെ അടയാളമാണ്. സന്മാർഗം പ്രാപിക്കുവാനും സത്യവിശ്വാസം കൈക്കൊള്ളുവാനും സൽകർമങ്ങൾ ചെയ്യുവാനും ഭാഗ്യം നൽകിയതാകട്ടെ അവന്റെ മഹത്തായ അനുഗ്രഹമാണ്. നമുക്കറിയാത്തത് അവൻ നമ്മെ പഠിപ്പിച്ചതും അവന്റെ കാരുണ്യംകൊണ്ടാണ്. സൽകർമികളായ സത്യവിശ്വാസികളെ നാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതും നരകത്തിൽനിന്ന് രക്ഷനൽകുന്നതും അവന്റെ കാരുണ്യം ഒന്നുകൊണ്ട് മാത്രമാണ്.

തന്റെ ദാസന്മാർക്ക് അല്ലാഹു അവന്റെ കാരുണ്യം പ്രത്യേകമായി നൽകുന്ന ചില കാര്യങ്ങൾ പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്:

### വിശ്വാസവും സൽകർമവും

അല്ലാഹു പറയുന്നു: "എന്നാൽ വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവരാരോ അവരെ അവരുടെ രക്ഷിതാവ് തന്റെ കാരുണ്യത്തിൽ പ്രവേശിപ്പിക്കുന്നതാണ്. അതു തന്നെയാകുന്നു വ്യക്തമായ ഭാഗ്യം" (ക്വുർആൻ 45:30).

## ഇഹ്സാൻ

'ഇഹ്സാൻ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് നന്മചെയ്യുക എന്നാണ്. രണ്ടുതരം ഇഹ്സാൻ ഉണ്ട്. ഒന്ന് ആരാധനയിൽ കാണിക്കുന്നത്. താൻ അല്ലാഹുവിനെ കാണുന്നില്ലെങ്കിലും അവൻ തന്നെ കാണുന്നുണ്ട് എന്ന ബോധത്തോടെ പൂർണതയോടും നന്നായും ആരാധനകൾ ചെയ്യുന്നതാണ് ആരാധനയിലുള്ള ഇഹ്സാൻ. രണ്ട്, ജനങ്ങളോടു കാണിക്കുന്ന ഇഹ്സാൻ. സാധ്യമാകുന്നത്ര വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ധനംകൊണ്ടും ശരീരംകൊണ്ടുമെല്ലാം നന്മചെയ്യലാണ് ജനങ്ങളോടു കാണിക്കുന്ന ഇഹ്സാൻ.

അല്ലാഹു പറയുന്നു: "തീർച്ചയായും അല്ലാഹുവിന്റെ കാരുണ്യം നന്മചെയ്യുന്നവർക്ക് സമീപസ്ഥമാകുന്നു" (ക്വുർആൻ 7:56).

## ധർമനിഷ്ഠ പാലിക്കൽ

അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ജീവിതത്തിൽ സൂക്ഷ്മത പുലർത്തിയും അവന്റെ കൽപനകൾ പ്രാവർത്തികമാക്കിയും അവൻ വിരോധിച്ച കാര്യങ്ങൾ വെടിഞ്ഞും സമ്പത്തിൽ അല്ലാഹു നിർബന്ധമാക്കിയ സകാത്ത് (നൽകാൻ അർഹതയുള്ളവർ) അർഹതപ്പെട്ടവർക്ക് നൽകിയും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിച്ചും അവന്റെ പ്രവാചകനെ പിൻപറ്റിയും ജീവിക്കുന്നവർക്ക് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്നതാണ്. അല്ലാഹു പറയുന്നു:

"...എന്റെ കാരുണ്യമാകട്ടെ സർവവസ്തുക്കളെയും ഉൾകൊള്ളുന്നതാണ്. എന്നാൽ ധർമനിഷ്ഠ പാലിക്കുകയും സകാത്ത്നൽകുകയും നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് (പ്രത്യേകമായി) ഞാൻ അത് രേഖപ്പെടുത്തുന്നതാണ്. (അതായത്) തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇൻജീലിലും രേഖപ്പെടുത്തപ്പെട്ടതായി അവർക്ക് കണ്ടെത്താൻ കഴിയുന്ന ആ അക്ഷരജ്ഞാനമില്ലാത്ത പ്രവാചകനായ ദൈവദൂതനെ (മുഹമ്മദ്നബിയെ) പിൻപറ്റുന്നവർക്ക് (ആ കാരുണ്യം രേഖപ്പെടുത്തുന്നതാണ്)..." (ക്വുർആൻ 7:156,157).

## മനുഷ്യരോടും ജന്തുജാലങ്ങളോടും കാരുണ്യം കാണിക്കൽ

നബിﷺ പറഞ്ഞു: "കാരുണ്യം കാണിക്കുന്നവരോട് പരമകാരുണികൻ കാരുണ്യം കാണിക്കും. ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുവിൻ ; ഉപരിലോകത്തുള്ളവൻ നിങ്ങളോട് കാരുണ്യം കാണിക്കും" (അബൂദാവൂദ്, തിർമിദി).

## വിശ്വാസവും ഹിജ്റയും ജിഹാദും

അല്ലാഹു പറയുന്നു: "വിശ്വസിക്കുകയും സ്വദേശം വെടിയുകയും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിൽ ഏർപെടുകയും ചെയ്തവരാരോ അവർ അല്ലാഹുവിന്റെ കാരുണ്യം പ്രതീക്ഷിക്കുന്നവരാകുന്നു. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 2:218).

വിശ്വാസ സംരക്ഷണാർഥം സ്വദേശം വെടിഞ്ഞുള്ള യാത്രക്കാണ് പൊതുവെ 'ഹിജ്റ' എന്നു പറയുക. ഹിജ്റ പോകുന്നവനാണ് 'മുഹാജിർ.' എന്നാൽ മതം വിരോധിച്ച കാര്യങ്ങൾ വെടിഞ്ഞു ജീവിക്കുന്നവനും മുഹാജിറാണ്. നബിﷺ പറഞ്ഞു: "അല്ലാഹു വിരോധിച്ചത് വെടിയുന്നവനാണ് മുഹാജിർ'' (ബുഖാരി, മുസ്ലിം).

## നമസ്കാരം, നോമ്പ്

"നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും സകാത്ത് നൽകുകയും റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (24:56).

## ക്വുർആൻ അനുസരിച്ച് ജീവിക്കൽ

"ഇതാകട്ടെ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെ നിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (ക്വുർആൻ 6:155).

## അനുസരണം

അല്ലാഹുവിനെയും അവന്റെ ദൂതനെയും അനുസരിച്ചു ജീവിക്കുക എന്നത് പരമപ്രധാനമാണ്. അല്ലാഹു പറയുന്നു: "നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ കാരുണ്യം ചെയ്യപ്പെട്ടേക്കാം" (ക്വുർആൻ 3:132).

## ക്വുർആൻ പാരായണം ശ്രവിക്കൽ

വിശുദ്ധ ക്വുർആൻ അല്ലാഹുവിന്റെ വചനങ്ങളാണ്. അത് പാരായണം ചെയ്യലും അതിന്റെ ആശയം മനസ്സിലാക്കലും മാത്രമല്ല; അത് പാരാണം ചെയ്യപ്പെടുമ്പോൾ ശ്രദ്ധയോടെ കേട്ടിരിക്കുന്നതുപോലും അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്ന കാര്യമാണ്:

"ക്വുർആൻ പാരായണം ചെയ്യപ്പെട്ടാൽ നിങ്ങളത് ശ്രദ്ധിച്ച് കേൾക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്യുക. നിങ്ങൾക്ക് കാരുണ്യം ലഭിച്ചേക്കാം" (ക്വുർആൻ 7:204).

> മൃഗങ്ങളോടും ദയാവായ്പോടെ പെരുമാറുവാനാൻ ഇസ്‌ലാം കൽപിക്കുന്നു. ജീവജാലങ്ങളിൽനിന്ന് ലഭിക്കുന്ന പ്രയോജനങ്ങൾ മുൻനിർത്തിക്കൊണ്ടല്ല ഇസ്‌ലാം അവയോട് അനുകമ്പയും കരുണയും കാണിക്കണമെന്ന് പറയുന്നത്. അവയിൽനിന്ന് പ്രയോജനം ലഭിക്കുന്നില്ലെങ്കിലും വിശ്വാസികൾ അനുകമ്പയോടെ വർത്തിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ജീവജാലങ്ങളോട് കാണിക്കുന്ന കരുണ സ്വർഗ പ്രവേശനത്തിന് കാരണമാകുന്ന ഒരു അടിസ്ഥാന നിയമമായി ദീനിൽ പരിഗണിക്കപ്പെടുന്നത് നമുക്ക് കാണാൻ കഴിയുന്നു. ഈയൊരു ആശയത്തെ ഊന്നിപ്പറയുന്ന ധാരാളം പ്രവാചക വചനങ്ങളുണ്ട്. എന്നാൽ ഒരു മനുഷ്യൻ ജീവജാലങ്ങളെ കഷ്ടപ്പെടുത്തുകയും ഉപദ്രവിക്കുകയുമാണെങ്കിൽ അത് കാരണമായി അല്ലാഹു അവനെ പരലോകത്ത് ശിക്ഷിക്കുന്നതാണ്.

### പാപമോചനം തേടൽ

മനുഷ്യരാകുമ്പോൾ ജീവിതത്തിൽ തെറ്റുകൾ സംഭവിക്കും. വിവേകമുള്ളവരും പരലോകവിജയം ആഗ്രഹിക്കുന്നവരുമായ ആളുകൾ ചെയ്യുക തെറ്റുകൾ സംഭിച്ചാൽ പാപമോചനം തേടുക എന്നതാണ്. തന്റെ ദാസന്മാരുടെ പാപമോചന തേട്ടം ഇഷ്ടപ്പെടുന്നവനാണ് അല്ലാഹു.

"...നിങ്ങൾക്ക് അല്ലാഹുവോട് പാപമോചനം തേടിക്കൂടേ? എങ്കിൽ നിങ്ങൾക്കു കാരുണ്യം നൽകപ്പെട്ടേക്കാം" (27:46).

### സൃഷ്ടികളോട് കരുണ കാണിക്കേണ്ടതിന്റെ അനിവാര്യത

കരുണ കാണിക്കുക എന്നത് ഇസ്‌ലാമികമായ മര്യാദയാണ്. ദയ, അനുകമ്പ, കരുണ, സ്നേഹം...ഇതൊക്കെ മാനുഷികമായ ഗുണങ്ങളിൽ പെട്ടതാണ്. ഒരു മുസ്‌ലിമിൽ നിർബന്ധമായും ഈ ഗുണഗണങ്ങൾ ഉണ്ടായിരിക്കേണ്ടതുണ്ട്.

പലവിധത്തിലും കരുണ കാണിക്കുവാൻ നമുക്ക് കഴിയും. കടംകൊണ്ട് വലയുന്ന ഒരാളെ അതിൽനിന്നു കരകയറാൻ സഹായിക്കൽ, കടംവാങ്ങിയവന് തിരിച്ചുനൽകാൻ അവധി നീട്ടിക്കൊടുക്കൽ, ചികിത്സക്ക് വഴിയില്ലാതെ ബുദ്ധിമുട്ടുന്ന രോഗിയെ സഹായിക്കൽ... ഇങ്ങനെ കരുണയുടെ ഒട്ടനേകം വഴികളുണ്ട്.

'ഭൂമിയിലുള്ളവരോട് നിങ്ങൾ കാരുണ്യം കാണിക്കുക' എന്ന് നബിﷺ പറഞ്ഞിട്ടുണ്ട്. ഇത് പൊതുവായി പറഞ്ഞതിനാൽ ഇതിൽ എല്ലായിനം സൃഷ്ടികളും പെടും. നല്ലവരോടും അധർമകാരികളോടും കന്നുകാലികളോടും വന്യജീവികളോടും പക്ഷികളോടുമൊക്കെ കരുണകാണിക്കൽ ഇതിൽ പെടും എന്ന് പണ്ഡിതൻമാർ വിശദീകരിച്ചതായി കാണാം.

ജരീർ ഇബ്നു അബ്ദുല്ല‎رضي الله عنه നിവേദനം; നബിﷺ പറഞ്ഞു: "ജനങ്ങളോട് കരുണ കാണിക്കാത്തവനോട് അല്ലാഹു കരുണ കാണിക്കില്ല" (മുസ്‌ലിം).

'റഹ്മാൻ' (പരമകാരുണികൻ), 'റഹീം' (കരുണാനിധി) എന്നിങ്ങനെ അല്ലാഹു സ്വയം വിശേഷിപ്പിച്ചു എന്നതുതന്നെ അതിന്റെ മഹത്ത്വം വ്യക്തമാക്കുന്നു.

'അർറഹ്മാൻ' എന്നതിന്റെ വിവക്ഷ എല്ലാവർക്കും പൊതുവായി കാരുണ്യം ചെയ്യുന്നവർ എന്നാണ്. 'റഹീം' എന്നതിന്റെ വിവക്ഷയാകട്ടെ, പരലോകത്ത് വിശ്വാസികളോട് പ്രത്യേകമായി കാരുണ്യം കാണിക്കുന്നവൻ എന്നുമാണ്. അല്ലാഹു പറയുന്നു:

"...അവൻ സത്യവിശ്വാസികളോട് അത്യന്തം കരുണയുള്ളവനാകുന്നു" (ക്വുർആൻ 33:43).

"അതുകൊണ്ട് ആർ അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപിടിക്കുകയും ചെയ്തുവോ, അവരെ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവങ്കലേക്ക് അവരെ നേർവഴിയിലൂടെ അവൻ നയിക്കുന്നതുമാണ്" (ക്വുർആൻ 4:175).

പ്രായമായവരോടും ചെറിയവരോടുമെല്ലാം കാരുണ്യം കാണിക്കേണ്ടതുണ്ട്. കുഞ്ഞുങ്ങളോടുള്ള കാരുണ്യം അവരോട് അനുകമ്പ കാണിക്കലും ലോലമായ പെരുമാറ്റവുമാണ്. മുതിർന്നവരോടുള്ള കാരുണ്യം അവരോട് ആദരവ് കാണിക്കേണ്ട രൂപത്തിൽ കാണിക്കുക എന്നതാണ്.

നബിﷺ പറഞ്ഞു: "നമ്മിലെ ചെറിയവരോട് കാരുണ്യം കാണിക്കാത്തവനും വലിയവരോടുള്ള കടമ തിരിച്ചറിയാത്തവനും നമ്മിൽപെട്ടവനല്ല" (മുസ്‌ലിം)

പ്രായമായ മാതാപിതാക്കളാണെങ്കിൽ ബാധ്യത ഒന്നുകൂടി വർധിക്കുന്നു. അവർക്കു കാരുണ്യം ലഭിക്കുവാൻ വേണ്ടി പ്രാർഥിക്കണമെന്ന് അല്ലാഹു പ്രത്യേകമായി ഉണർത്തിയതു കാണാം: "...എന്റെ രക്ഷിതാവേ, ചെറുപ്പത്തിൽ ഇവർ ഇരുവരും എന്നെ പോറ്റിവളർത്തിയത് പോലെ ഇവരോട് നീ കരുണ കാണിക്കണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 17:24).


### കാരുണ്യം സർവസൃഷ്ടികളോടും

മാതാപിതാക്കൾ മക്കളോടും തൊഴിലുടമ തൊഴിലാളികളോടും ഭരണാധികാരികൾ ഭരണീയരോടും എന്നിങ്ങനെ പദവിയിൽ മുകളിലുള്ളവർ താഴെയുള്ളവരോട് കരുണ കാണിക്കുമ്പോൾ അത് കുടുംബത്തിലും സമൂഹത്തിലും നാട്ടിലും വലിയ മാറ്റമുണ്ടാക്കും.

ദുർബലർ, സ്ത്രീകൾ, വയോവൃദ്ധർ, അംഗപരിമിതർ, അനാഥർ, വിധവകൾ തുടങ്ങി എല്ലാവരോടും അവരുടെ പ്രയാസങ്ങളിൽ താങ്ങായി നിൽക്കൽ കരുണയാണ്.

### കാരുണ്യം മൃഗങ്ങളോടും

മൃഗങ്ങളോടും ദയാവായ്പോടെ പെരുമാറുവാൻ ഇസ്‌ലാം കൽപിക്കുന്നു. ജീവജാലങ്ങളിൽനിന്ന് ലഭിക്കുന്ന പ്രയോജനങ്ങൾ മുൻനിർത്തിക്കൊണ്ടല്ല ഇസ്‌ലാം അവയോട് അനുകമ്പയും കരുണയും കാണിക്കണമെന്ന് പറയുന്നത്. അവയിൽനിന്ന് പ്രയോജനം ലഭിക്കുന്നില്ലെങ്കിലും വിശ്വാസികൾ അനുകമ്പയോടെ വർത്തിക്കാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ജീവജാലങ്ങളോട് കാണിക്കുന്ന കരുണ സ്വർഗ പ്രവേശനത്തിന് കാരണമാകുന്ന ഒരു അടിസ്ഥാന നിയമമായി ദീനിൽ പരിഗണിക്കപ്പെടുന്നത് നമുക്ക് കാണാൻ കഴിയുന്നു. ഈയൊരു ആശയത്തെ ഊന്നിപ്പറയുന്ന ധാരാളം പ്രവാചക വചനങ്ങളുണ്ട്. അവയിൽപെട്ട ഒരു ഹദീഥാണ് അബൂഹുറയ്റ(റ)യിൽ നിന്ന് ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്നത്. അല്ലാഹുവിന്റെ റസൂൽﷺ പറയുന്നു:



"ഒരാൾ യാത്രയിലായിരിക്കെ ദാഹം കഠിനമായി. അയാൾ കിണറ്റിലിറങ്ങി വെള്ളം കുടിച്ച് പുറത്തിറങ്ങി. അപ്പോൾ അദ്ദേഹം ശക്തമായ ദാഹത്താൽ നാവിട്ടടിച്ച് മണ്ണിൽ നക്കുന്ന നായയെ കണ്ടു. അദ്ദേഹം പറഞ്ഞു: 'എനിക്ക് മുമ്പ് വന്നെത്തിയത് ഇതിനും വന്നെത്തിയിരിക്കുന്നു.' അയാൾ തന്റെ കാലുറയിൽ വെള്ളംനിറച്ച്, അത് വായയിൽ കടിച്ചുപിടിച്ച് കയറിവരികയും നായക്ക് വെള്ളം കൊടുക്കുകയും ചെയ്തു. അല്ലാഹു അദ്ദേഹത്തിന്റെ പ്രവർത്തനം സ്വീകരിക്കുകയും അദ്ദേഹത്തിന് പൊറുത്തുകൊടുക്കുയും ചെയ്തു. അവർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, കന്നുകാലികളിൽ ഞങ്ങൾക്ക് പ്രതിഫലമുണ്ടോ?' പ്രവാചകൻﷺ പറഞ്ഞു: 'എല്ലാ ജീവനുള്ളതിലും പ്രതിഫലമുണ്ട്.'

എന്നാൽ ഒരു മനുഷ്യൻ ജീവജാലങ്ങളെ കഷ്ടപ്പെടുത്തുകയും ഉപദ്രവിക്കുകയുമാണെങ്കിൽ അത് കാരണമായി അല്ലാഹു അവനെ പരലോകത്ത് ശിക്ഷിക്കുന്നതാണ്. ഇമാം മുസ്‌ലിം അബൂഹുറയ്റ(റ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു; അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "ഒരു സ്ത്രീ അവരുടെ പൂച്ച കാരണമായി നരകത്തിൽ പ്രവേശിച്ചു. അവർ ഭക്ഷണം നൽകാതെ പൂച്ചയെ കെട്ടിയിട്ടു; അഴിച്ചുവിട്ടില്ല. മണ്ണിൽനിന്ന് അത് പെറുക്കിത്തിന്നു, അവസാനം പട്ടിണികിടന്ന് ചത്തുപോയി."

അമ്പെയ്തു പഠിക്കുമ്പോൾ ഉന്നമായി ജീവികളെ ഉപയോഗിക്കുന്നവരെ നബിﷺ ശപിച്ചിട്ടുണ്ട്. അറുക്കുമ്പോൾ കത്തി നന്നായി മൂർച്ചകൂട്ടുവാനും ഉരുവിന് ആശ്വാസം നൽകുവാനും നബിﷺ പറഞ്ഞതായി കാണാം.

### കരുണയ്ക്കായി പ്രാർഥിക്കുക

നാം കരുണയുള്ള മനസ്സിന്നുടമകളായി മാറുവാനും അല്ലാഹുവിന്റെ കാരുണ്യം നമ്മിൽ വർഷിക്കുവാനും ആത്മാർഥമായി പ്രാർഥിക്കേണ്ടതുണ്ട്.

"ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ സൻമാർഗത്തിലാക്കിയതിനു ശേഷം ഞങ്ങളുടെ മനസ്സുകളെ നീ തെറ്റിക്കരുതേ. നിന്റെ അടുക്കൽനിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ അത്യധികം ഔദാര്യവാനാകുന്നു" (ക്വുർആൻ 3:8).

അബൂഫായിദ
mail@nerpatham.com

ഹദീസ് പാഠം

# ഇഹപര വിജയത്തിനായി ഒരു പ്രാർഥന

**അബൂഹുറയ്റ(റ) നിവേദനം; നബി(സ) ഇപ്രകാരം പ്രാർഥിക്കാറുണ്ടായിരുന്നു: "അല്ലാഹുവേ, എന്റെ കാര്യത്തിന്റെ സംരക്ഷണമായ എന്റെ ദീനിനെ എനിക്കു നീ നന്നാക്കിത്തരേണമേ. എന്റെ ഇഹലോകം എനിക്കു നീ നന്നാക്കിത്തരേണമേ; അതിലാണ് എന്റെ ഉപജീവനം. എന്റെ മടക്കസ്ഥലമായ പരലോകത്തെ എനിക്കു നീ നന്നാക്കിത്തരേണമേ. എന്റെ ജീവിതത്തെ എനിക്കു നീ എല്ലാ നന്മയും അധികരിച്ചതാക്കിത്തരേണമേ. മരണത്തെ എല്ലാ തിന്മയിൽനിന്നുമുള്ള ആശ്വാസമാക്കി എനിക്കു നീ നൽകേണമേ" (മുസ്‌ലിം).**

ഇഹപര വിജയത്തിനായുള്ള ഒരു പ്രാർഥനയാണിത്. നാമമാത്ര മതവിശ്വാസിയായി ജീവിച്ചാൽ പോരാ, ഇസ്‌ലാം പഠിപ്പിക്കുന്ന വിശ്വാസകാര്യങ്ങളും കർമപരവും സ്വഭാവപരവുമായ കാര്യങ്ങളുമെല്ലാം ഉൾക്കൊണ്ടുകൊണ്ട് ജീവിക്കുവാൻ സാധിക്കണം. 'എന്റെ ദീനിനെ എനിക്കു നീ നന്നാക്കിത്തരേണമേ' എന്നു പറയുന്നതിന്റെ ഉദ്ദേശ്യം എന്റെ ജീവിതത്തിന്റെ നിഖിലമേഖലകളിലും മതത്തിന്റെ നിയമങ്ങളും നിർദേശങ്ങളും അനുസരിച്ച് ജീവിക്കുവാനുള്ള അനുഗ്രഹം നൽകേണമേ എന്നാണ്.

ഇഹലോകമില്ലാതെ പരലോകമില്ല. പരലോക വിജയം നേടാനുള്ള കൃഷിസ്ഥലമാണ് ഇഹലോകം. സത്യവിശ്വാസവും സൽകർമങ്ങളുമാണ് കൃഷി. അതിന്റെ ഫലം പരിപൂർണമായി ലഭിക്കുക പരലോകത്താണ്. ഇഹലോകത്ത് അനുവദനീയമായ സുഖങ്ങൾ ആസ്വദിക്കാം. ഉപജീവനമാർഗം തേടാം. ധനം സമ്പാദിക്കാം.

ഇഹലോകത്തും പരലോകത്തും നന്മ ലഭിക്കുവാൻ പ്രാർഥിക്കുന്നത് സത്യവിശ്വാസികളുടെ ഗുണമാണ്. അല്ലാഹു പറയുന്നു: "മറ്റു ചിലർ പറയും; ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങൾക്ക് ഇഹലോകത്ത് നീ നല്ലത് തരേണമേ; പരലോകത്തും നീ നല്ലത് തരേണമേ. നരകശിക്ഷയിൽനിന്ന് ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്യേണമേ എന്ന്" (ക്വുർആൻ 2:201).

മനുഷ്യരിൽ ആരും മരണത്തിന് അതീതരല്ല. അലാഹു പറയുന്നു: "ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയംനേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (3:185).

എല്ലാവരും മരിക്കും; അഥവാ പരലോകത്തേക്ക് മടക്കപ്പെടും. ആ പരലോകം നന്നാക്കിത്തരണേ എന്നാണ് അടുത്ത പ്രാർഥന. പരലോകം നന്നാവുക എന്നു പറഞ്ഞാൽ പരലോകജീവിതം നന്നാവുക എന്നാണ്. സ്വർഗം ലഭിക്കുക എന്ന് താൽപര്യം. അതാണ് ആത്യന്തികവിജയം.

ഈ ജീവിതം ഒരു പരീക്ഷണമാണ്. പൈശാചിക ദുർബോധനങ്ങളെ അതിജീവിച്ച് അല്ലാഹുവിനെയും പ്രവാചകനെയും അനുസരിച്ച് ജീവിക്കുന്നവർ ഈ പരീക്ഷണത്തിൽ വിജയിക്കും. നന്മകൊണ്ടും തിന്മകൊണ്ടും ഇവിടെ പരീക്ഷിക്കപ്പെടും. അതിനാൽ നന്മകൾ അധികരിച്ചതായി ഇഹലോകജീവിതം മാറുവാൻ സ്രഷ്ടാവിനോട് തേടണം.

വിശ്വാസികളെ സംബന്ധിച്ചിടത്തോളം മരണം ഒരു ആശ്വാസമാണ്. അവർണനീയമായ സ്വർഗലോകത്തേക്കുള്ള മടക്കമാണ്. തിന്മകൾ നിറഞ്ഞ ഇഹലോകത്തുനിന്നുള്ള ആ മടക്കം ആശ്വാസത്തിന്റേതാകണമെങ്കിൽ വിശ്വാസവും കർമങ്ങളും നന്നാക്കണം. അതിനായി സ്രഷ്ടാവിനോട് മനമുരുകി പ്രാർഥിക്കണം.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

ക്വുർആൻ ദർശനം

അധ്യായം: 58, ഭാഗം 5

# സൂറ: ക്വദ് സമിഅല്ലാഹു

(മദീനയിൽ അവതരിച്ചത്)

إِنَّ ٱلَّذِينَ يُحَآدُّونَ ٱللَّهَ وَرَسُولَهُۥٓ أُوْلَٰٓئِكَ
فِي ٱلْأَذَلِّينَ ﴿٢٠﴾ كَتَبَ ٱللَّهُ لَأَغْلِبَنَّ
أَنَا۠ وَرُسُلِيٓۚ إِنَّ ٱللَّهَ قَوِيٌّ عَزِيزٌ ﴿٢١﴾ لَّا
تَجِدُ قَوْمًا يُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ
ٱلْـَٔاخِرِ يُوَآدُّونَ مَنْ حَآدَّ ٱللَّهَ وَرَسُولَهُۥ
وَلَوْ كَانُوٓاْ ءَابَآءَهُمْ أَوْ أَبْنَآءَهُمْ أَوْ
إِخْوَٰنَهُمْ أَوْ عَشِيرَتَهُمْۚ أُوْلَٰٓئِكَ
كَتَبَ فِي قُلُوبِهِمُ ٱلْإِيمَٰنَ وَأَيَّدَهُم
بِرُوحٍ مِّنْهُۖ وَيُدْخِلُهُمْ جَنَّٰتٍ تَجْرِي مِن
تَحْتِهَا ٱلْأَنْهَٰرُ خَٰلِدِينَ فِيهَاۚ رَضِيَ ٱللَّهُ
عَنْهُمْ وَرَضُواْ عَنْهُۚ أُوْلَٰٓئِكَ حِزْبُ ٱللَّهِۚ أَلَآ
إِنَّ حِزْبَ ٱللَّهِ هُمُ ٱلْمُفْلِحُونَ ﴿٢٢﴾

20. തീർച്ചയായും അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തുനിൽക്കുന്നവരാരോ അക്കൂട്ടർ ഏറ്റവും നിന്ദ്യൻമാരായവരുടെ കൂട്ടത്തിലാകുന്നു.

21. തീർച്ചയായും ഞാനും എന്റെ ദൂതൻമാരും തന്നെയാണ് വിജയം നേടുക എന്ന് അല്ലാഹു രേഖപ്പെടുത്തിയിരിക്കുന്നു. തീർച്ചയായും അല്ലാഹു ശക്തനും പ്രതാപിയുമാകുന്നു.

22. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്തു നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല. അവർ (എതിർപ്പുകാർ) അവരുടെ പിതാക്കളോ, പുത്രൻമാരോ, സഹോദരൻമാരോ ബന്ധുക്കളോ ആയിരുന്നാൽ പോലും. അത്തരക്കാരുടെ ഹൃദയങ്ങളിൽ അല്ലാഹു വിശ്വാസം രേഖപ്പെടുത്തുകയും അവന്റെ പക്കൽനിന്നുള്ള ഒരു ആത്മചൈതന്യംകൊണ്ട് അവൻ അവർക്ക് പിൻബലം നൽകുകയും ചെയ്തിരിക്കുന്നു. താഴ്ഭാഗത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അവൻ അവരെ പ്രവേശിപ്പിക്കുകയും ചെയ്യും. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹു അവരെപ്പറ്റി തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനെപ്പറ്റിയും തൃപ്തിപ്പെട്ടിരിക്കുന്നു. അത്തരക്കാരാകുന്നു അല്ലാഹുവിന്റെ കക്ഷി. അറിയുക: തീർച്ചയായും അല്ലാഹുവിന്റെ കക്ഷിയാകുന്നു വിജയം പ്രാപിക്കുന്നവർ.

20,21). ഇത് ശക്തമായ ഒരു താക്കീതും വാഗ്ദാനവുമാണ്. അവിശ്വാസിക്കും, പാപം ചെയ്തും അല്ലാഹുവോടും അവന്റെ ദൂതനോടും എതിർത്തുനിൽക്കുന്നവർക്കുമുള്ള താക്കീതാണിത്. അവർ നിന്ദ്യരും ഒഴിവാക്കപ്പെട്ടവരും നല്ലൊരു പരിഗണനയില്ലാത്തവരുമാണ്. അവർക്ക് വിജയത്തിന്റെ യാതൊരുവിധ ലക്ഷണവുമില്ല. എന്നാൽ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പ്രവാചകന്മാർ കൊണ്ടുവന്നതിൽ വിശ്വസിക്കുകയും ചെയ്യുന്നവർക്കുള്ള വാഗ്ദാനം; അവർ വിജയികളായ, അല്ലാഹുവിന്റെ കക്ഷികളാണ്. അവർക്ക് വിജയവും സഹായവും ഇഹത്തിലും പരത്തിലും ഉണ്ട്. അവർ തന്നെ മികച്ചുനിൽക്കുകയും ചെയ്യും. ഇത് ലംഘിക്കപ്പെടാത്തതും യാതൊരു മാറ്റവും സംഭവിക്കാത്തതുമായ വാഗ്ദാനമാണ്; സത്യം പറയുന്നവനും ശക്തവാനും പ്രതാപശാലിയുമായവന്റെ. അവനുദ്ദേശിക്കുന്നതൊന്നും സാധിക്കാതിരിക്കുകയില്ല.

22) അല്ലാഹു പറയുന്നു: (അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു ജനത അല്ലാഹുവോടും അവന്റെ റസൂലിനോടും എതിർത്ത് നിൽക്കുന്നവരുമായി സ്നേഹബന്ധം പുലർത്തുന്നത് നീ കണ്ടെത്തുകയില്ല) ഇവ രണ്ടും ഒരാളിൽ ഒരുമിച്ചുണ്ടാവുകയില്ല. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു വിശ്വാസിയാണെങ്കിൽ ആ വിശ്വാസത്തിന്റെ താൽപര്യമനുസരിച്ച് ഒരു യഥാർഥ വിശ്വാസി പ്രവർത്തിച്ചിരിക്കും. വിശ്വാസത്തിന്റെ അനിവാര്യതയിൽ പെട്ടതാണ് വിശ്വാസിയോടുള്ള ആത്മബന്ധവും സ്നേഹവും വിശ്വാസത്തോട് ശത്രുത പുലർത്തുന്നവരോടുള്ള എതിർപ്പും വെറുപ്പും; അവർ ജനങ്ങളിൽ തനിക്ക് ഏറ്റവും അടുത്തവരും പ്രിയപ്പെട്ടവരുമാണെങ്കിലും. ഇതാണ് യഥാർഥ വിശ്വാസം. ലക്ഷ്യവും ഫലവും കണ്ട വിശ്വാസം.

ഇത്തരം വിശ്വാസികൾക്ക് അല്ലാഹു (രേഖപ്പെടുത്തും). (വിശ്വാസത്തെ- അവരുടെ ഹൃദയങ്ങളിൽ). അതായത് സംശയങ്ങളോ ആശയക്കുഴപ്പങ്ങളോ സ്വാധീനിക്കാത്ത, ചാഞ്ചല്യമില്ലാത്ത വിശ്വാസത്തെ അവരുടെ മനസ്സുകളിൽ



രേഖപ്പെടുത്തുകയും സ്ഥിരപ്പെടുത്തുകയും നട്ടുവളർത്തുകയും ചെയ്യും. അവരെ അല്ലാഹു ശക്തിപ്പെടുത്തും. (അവന്റെ പക്കൽനിന്നുള്ള ഒരു ആത്മചൈതന്യം കൊണ്ട്) അതായത് അവന്റെ ദിവ്യമായ സഹായം, പിന്തുണകൾ എന്നിവയെക്കൊണ്ട് ഈ ലോകത്ത് വിശിഷ്ടമായ ഒരു ജീവിതം അവർക്കുണ്ടായിരിക്കും. സ്ഥിരതാമസത്തിന്റെ ലോകത്ത് സുഖാനുഗ്രഹങ്ങളും. മനസ്സ് കൊതിക്കുന്നതും കണ്ണുകൾ ആനന്ദിക്കുന്നതും ഇഷ്ടപ്പെടുത്തുന്നതുമായ സർവസുഖങ്ങളും അവർക്കവിടെയുണ്ട്. ഏറ്റവും വലിയ അനുഗ്രഹങ്ങളും സുഖങ്ങളും അല്ലാഹുവിന്റെ തൃപ്തിയും അവർക്ക് ലഭിക്കും. അവരോടൊരിക്കലും അവൻ കോപിക്കുകയില്ല. അവർക്ക് അവൻ നൽകിയ വ്യത്യസ്തമായ ആദരവുകൾ, സമ്പൂർണ പ്രതിഫലങ്ങൾ, മഹത്തായ സമ്മാനങ്ങൾ, ഉന്നത പദവികൾ എന്നിവയാൽ അവർ അവനെയും തൃപ്തിപ്പെടും. അവൻ അവർക്ക് നൽകിയതിനപ്പുറത്ത് അവരൊന്നും കണ്ടെത്തില്ല. അതിനാവട്ടെ അറ്റമില്ല. അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്നു എന്ന് വാദിക്കുന്നവർ, വിശ്വാസത്തെ അവഗണിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നവരോട് താൽപര്യം കാണിക്കുന്നുവെങ്കിൽ അവൻ വാദത്തിൽ മാത്രമാണ് വിശ്വാസി. അത് യഥാർഥമല്ല. ഏത് കാര്യവും സത്യപ്പെടുത്തുന്ന തെളിവ് വേണം. ആ വാദത്തിൽ മാത്രമാവുന്നത് യാതൊരു പ്രയോജനവും ചെയ്യുകയുമില്ല. അയാൾ വിശ്വാസിയാണെന്ന് സത്യപ്പെടുത്തുകയും ഇല്ല.

പി.എൻ സോമൻ
mail@nerpatham.com

അനുഭവം



# ഒരു ഗോത്രവർഗ ആദിവാസിയുടെ സത്യദൈവാന്വേഷണത്തിന്റെ അന്ത്യം

7

വെള്ളിയാഴ്ചയെന്ന 'സുദിനം' പ്രത്യക്ഷപ്പെട്ടു. 9 മണിയായപ്പോൾതന്നെ മൂന്നു പുതുമുഖങ്ങളുമായി അതിഥികൾ വന്നു; ഹസ്തദാനത്തോടെ സ്വീകരിച്ചു. പ്രസന്നവദനരായ പുതുമുഖങ്ങളെ പരിചയപ്പെട്ടു. മൂവരും പണ്ഡിതർ തന്നെ.

എന്റെ ആവശ്യപ്രകാരം ചില വിഷയങ്ങൾ ചർച്ചചെയ്തശേഷം ഇന്നത്തെ ആരാധന തുടങ്ങാം എന്നായി. ആദ്യചർച്ചയ്ക്കുള്ള വിഷയം അവർ തന്നെ തുടക്കമിട്ടു: 'ഇന്നു ഞങ്ങൾ വന്ന പ്രത്യേക കാരണം ഇതാണ്; സഹോദരന്റെ വീട്ടിൽ ആരാധന തുടങ്ങിയിട്ട് മൂന്നുവർഷം കഴിഞ്ഞില്ലേ? ഇനിയും അതു വേണ്ടാ. പത്തു സെന്റ് സ്ഥലം വിലയ്ക്കു വാങ്ങണം. സാമാന്യം കൊള്ളാവുന്ന ഒരു പള്ളി ഷെഡ് 15000 രൂപക്ക് തീരുന്നതു പണിയണം.'

സ്ഥലം വാങ്ങുന്നതിന് 25000 രൂപയും പള്ളി ഷെഡിന് 15000 രൂപയും എനിക്ക് ശമ്പള അഡ്വാൻസ് എന്ന നിലയിൽ 10000 രൂപയും അടക്കം മൊത്തം 50000 രൂപ എന്നെ ഏൽപിക്കാൻ അവർ ശ്രമിച്ചു. കൂടാതെ സഭയുടെ ചെലവിൽ യെരുശലേമിൽ യേശുവിന്റെ കല്ലറ സന്ദർശിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫറും!

> ബൈബിളിൽ 27 പ്രാവശ്യം 'ഞാൻ മനുഷ്യപുത്രനാണ്' എന്ന് യേശുതന്നെ സാക്ഷ്യപ്പെടുത്തുന്നതായി ഞാൻ കണ്ടു. നിങ്ങൾ പറയുന്നതും പഠിപ്പിക്കുന്നതുമായ യേശു ദൈവവും ദൈവപുത്രനും പരിശുദ്ധാത്മാവുംകൂടിയ ഒന്നാണെന്ന് എങ്ങനെ വിശ്വസിക്കും? ദൈവം ആരാണെന്നു ചോദിച്ചാൽ യേശുതന്നെ എന്നു അടിസ്ഥാനമില്ലാത്ത ന്യായം പറഞ്ഞു വിശ്വസിപ്പിക്കാൻ എനിക്ക് കഴിയുകയില്ല. ഞാൻ അതിനു തയ്യാറുമല്ല. മരിച്ചു കല്ലറയിൽ അടക്കം ചെയ്ത ലാസറിനെ മൂന്നാം നാൾ യേശു പുനർജീവിപ്പിക്കുന്നു. കുരുടൻമാർക്ക് കാഴ്ചകൊടുക്കുന്നു. രോഗികൾക്കു സൗഖ്യം കൊടുക്കുന്നു. എന്നിട്ട് യേശു പറഞ്ഞു: 'ഞാൻ ചെയ്യുന്ന അത്ഭുതപ്രവർത്തികൾ ഒന്നും എന്റെതല്ല, എന്റെ പിതാവിൽനിന്നുള്ളതത്രെ.'

ഞാൻ പറഞ്ഞു: 'ശരി...ശരി... സഹോദരങ്ങളേ, നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ സമ്മതിച്ചു. അതിനുമുമ്പായി എനിക്ക് ചില സംശയങ്ങൾ പരിഹരിച്ചുകിട്ടേണ്ടതുണ്ട്.'

'ശരി, എന്താണു സംശയം? ചോദിച്ചുകൊള്ളുക.'

പഴയ ചോദ്യം തന്നെ ആവർത്തിച്ചു.

ചോ: 'യേശു ആരാണ്?'

ഉ: 'ദൈവപുത്രൻ!'

ചോ: 'ദൈവം ആരാണ്?'

ഉ: 'യഹോവ!'

ചോ: 'ഈ ഉത്തരം ശരിയല്ല. യേശു ദൈവംതന്നെയാണ്. ഇതാ, ബൈബിൾ വായിച്ചുനോക്കൂ. യേശുവിന്റെ പ്രധാന ശിഷ്യൻ യോഹന്നാൻ പറയുന്നു: 'ആദിയിൽവചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടു കൂടെ ആയിരുന്നു. വചനം ദൈവമായിരുന്നു. വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു.' ഇത് യേശുവല്ലേ?

ഉ: 'അതെ, യേശുതന്നെ!'

ഞാൻ പറഞ്ഞു: 'ഈ ബൈബിളിൽ 27 പ്രാവശ്യം 'ഞാൻ മനുഷ്യപുത്രനാണ്' എന്ന് യേശുതന്നെ സാക്ഷ്യപ്പെടുത്തുന്നതായി ഞാൻ കണ്ടു. നിങ്ങൾ പറയുന്നതും പഠിപ്പിക്കുന്നതുമായ യേശു ദൈവവും ദൈവപുത്രനും പരിശുദ്ധാത്മാവുംകൂടിയ ഒന്നാണെന്ന് എങ്ങനെ വിശ്വസിക്കും? ഇവിടെ ഒരു സഭയുണ്ടാക്കി ഞാൻ അതിന്റെ അധ്യക്ഷനായി ഇരിക്കുമ്പോൾ ഏതെങ്കിലുമൊരാൾ ദൈവം ആരാണെന്നു ചോദിച്ചാൽ യേശുതന്നെ എന്നു അടിസ്ഥാനമില്ലാത്ത ന്യായം പറഞ്ഞു വിശ്വസിപ്പിക്കാൻ എനിക്ക് കഴിയുകയില്ല. ഞാൻ അതിനു തയ്യാറുമല്ല. മരിച്ചു കല്ലറയിൽ അടക്കം ചെയ്ത ലാസറിനെ മൂന്നാം നാൾ യേശു പുനർജീവിപ്പിക്കുന്നു. കുരുടൻമാർക്ക് കാഴ്ചകൊടുക്കുന്നു. രോഗികൾക്കു സൗഖ്യം കൊടുക്കുന്നു. എന്നിട്ട് യേശു പറഞ്ഞു: 'ഞാൻ ചെയ്യുന്ന അത്ഭുതപ്രവൃത്തികൾ ഒന്നും എന്റെതല്ല, എന്റെ പിതാവിൽനിന്നുള്ളതത്രെ.' തീർന്നില്ല; ഒരു യോഗസ്ഥലം. അയ്യായിരം പേരുള്ള വേദി; യേശുവിന്റെ ഉപദേശം കേൾക്കാൻ വന്ന ജനങ്ങൾ. എല്ലാവർക്കും വിശന്നു. യേശു ചോദിച്ചു: 'ആരെങ്കിലും ഭക്ഷണം എന്തെങ്കിലും കരുതിയിട്ടുണ്ടോ?' ഒരാൾ പറഞ്ഞു: 'ഗുരൂ, എന്റെ പക്കൽ അഞ്ച് അപ്പവും രണ്ടു മീനും ഉണ്ട്.' കൊണ്ടുവരാൻ യേശു പറഞ്ഞു. അപ്പവും മീനും ആകാശവിതാനത്തിലേക്ക് ഉയർത്തിപ്പിടിച്ചു പിതാവിനോടു അപേക്ഷിച്ചു പ്രാർഥിച്ചു. യേശുവിന്റെ പ്രാർഥന സ്വീകരിച്ച പിതാവ് അപ്പവും മീനും വർധിപ്പിച്ചു കൊടുത്തു. 5000 പേരും മതിയാവോളം ഭക്ഷിച്ചു തൃപ്തരായി. അപ്പവും മീനും കൈയിൽ വാങ്ങിയ യേശു ഇതു വർധിക്കട്ടെ എന്ന് ഉത്തരവിടുകയോ ആജ്ഞാപിക്കുകയോ ചെയ്തിട്ട് അതു വർധിച്ചുവെങ്കിൽ നിങ്ങൾ പഠിപ്പിക്കുന്നതുപോലെ പിതാവും പരിശുദ്ധാത്മാവും പുത്രനിൽ നിലകൊള്ളുന്നുവെന്നും ത്രിത്വത്തിലെ ഏകദൈവവിശ്വാസം ശരിവയ്ക്കുകയും ചെയ്യാമായിരുന്നു. അതുപോലെ യേശുവിന്റെ ഓരോ വാക്കിലും പിതാവ് എന്ന് മറ്റൊരു വ്യക്തിത്വത്തെ പരിചയപ്പെടുത്തുന്നുണ്ട്.

യേശു പറയുന്നു: 'എന്റെ പിതാവും നിങ്ങളുടെ പിതാവും ഏകനായ ഒരു പിതാവാകുന്നു.' മാത്രമല്ല ഒരു സ്വർഗരാജ്യത്തെക്കുറിച്ചു പരിചരിയപ്പെടുത്തുന്നുണ്ട്. സ്വർഗത്തിൽ പിതാവ് ഉള്ളതായി യേശു ഖണ്ഡിതമായി പറയുകയും പല സന്ദർഭങ്ങളിലും പിതാവിനോട് മുട്ടിന്മേൽനിന്നു പ്രാർഥിക്കുകയും ചെയ്യുന്നത് വ്യക്തമല്ലേ? യേശു ഏകദൈവവിശ്വാസം, സ്നേഹം, ദയ, കാരുണ്യം തുടങ്ങിയ നന്മകൾമാത്രം വിളംബരം ചെയ്യുകയും സൃഷ്ടികളെയും ബിംബങ്ങളെയും ആരാധിക്കുന്നതിൽനിന്നും ജനങ്ങളെ തടഞ്ഞ് പിതാവിങ്കലേക്കു തിരിച്ചുവിടുകയും ചെയ്യുന്നു.'

കൊടുമ്പിരികൊള്ളുന്ന സംസാരവേദിയിൽ എന്റെ കൈകാലുകൾ വിറച്ചു; തളർന്നുവീഴുമോ? ഹൃദയമിടിപ്പു വർധിച്ചു. എന്റെ വാദഗതികൾ പൂർത്തീ

കരിക്കാൻ കഴിയുമോ? സംശയമായി. സകല മല ദൈവങ്ങളെയും കൂട്ടുപിടിച്ചുകൊണ്ട് ആത്മധൈര്യം സംഭരിച്ചുകൊണ്ട് ആവർത്തിച്ചു:

"പാപികളായ മനുഷ്യവർഗത്തിന്റെ പാപമോചനത്തിനുവേണ്ടിയാണ് ദൈവം മനുഷ്യജന്മമെടുത്തു ഭൂമിയിൽ വന്നതെന്നും ക്രൂശിൽ മരിച്ചതെന്നും നിങ്ങൾ പറയുന്നുവല്ലോ? എന്നാൽ ഇതുകൂടി അറിയുക. കുറ്റം ആരോപിച്ചു യേശു ബന്ധിക്കപ്പെട്ടു. ശിക്ഷ വിധിക്കുന്നതിനുവേണ്ടി ഭരണാധികാരി പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കിയപ്പോൾ യേശുവിന്റെ പേരിലുള്ള കുറ്റം എന്താണെന്നു ചോദിച്ചു. പരിശക്തൻമാരും പ്രമാണികളും 'ഇയാൾ (യേശു) ദൈവമാണെന്നും ദൈവപുത്രനാണെന്നും ദൈവദൂഷണം പറഞ്ഞു ജനങ്ങളെ തെറ്റുദ്ധരിപ്പിച്ചു വഴിതെറ്റിക്കുന്നു' എന്ന് ആരോപിച്ചു. അങ്ങനെ യേശുവിനെ വിചാരണ ചെയ്യുന്നു. 'ഇവർ ആരോപിക്കുന്ന കുറ്റം നിങ്ങൾ ചെയ്തിട്ടുണ്ടോ' എന്ന് ചോദിച്ചു. 'ഞാൻ ദൈവമല്ല. ദൈവപുത്രനുമല്ല. മനുഷ്യപുത്രനായ ഞാൻ എന്റെ പിതാവിന്റെ ആജ്ഞയല്ലാതെ ഒന്നും ചെയ്യുന്നില്ല' എന്നായിരുന്നു മറുപടി."

പറയുന്ന ഞാനും കേൾക്കുന്ന പാസ്റ്റർമാരും ഒരുപോലെ വിയർക്കുകയാണ്. എന്തോ അപകടം സംഭവിക്കാൻ പോകുന്ന അങ്കലാപ്പോടെ സഭാംഗങ്ങളും! ഇതുകൂടി പറഞ്ഞു ഞാൻ അവസാനിപ്പിക്കുകയാണ്:

"മനുഷ്യന്റെ പാപമോചനത്തിനുവേണ്ടിയാണ് ദൈവം മനുഷ്യനായി (യേശുവായി) ഭൂമിയിൽ അവതരിച്ചതെങ്കിൽ തന്റെ നിയോഗം അറിവുള്ളതിനാൽ ഭംഗിയായി പൂർത്തീകരിച്ചു മടങ്ങുകയല്ലേ വേണ്ടിയിരുന്നത്? കർമം പൂർത്തീകരിക്കുന്നതിനു പകരം യേശു മരണത്തെ ഭയക്കുകയും എതിർക്കുകയും ചെയ്യുന്നു! രക്ഷക്കായി തന്റെ പിതാവിനോടു കരഞ്ഞു പ്രാർഥിക്കുന്നു. അതും സാധാരണ കരച്ചിലല്ല; ഹൃദയം നുറുങ്ങി വേദനയോടെയുള്ള പ്രാർഥന! അന്നേരം രക്തത്തുള്ളികളാണു കണ്ണീരായി പുറത്തുവന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ പഠിപ്പിക്കുന്ന ത്രിത്വത്തിലെ ദൈവവും ദൈവവിശ്വാസവും എനിക്ക് ഉൾക്കൊള്ളാനും വിശ്വസിക്കാനും സാധ്യമല്ല. നാലുവർഷത്തോളമായി തുടരുന്ന നമ്മുടെ കൂട്ടായ്മയും ബന്ധങ്ങളുമെല്ലാം ഇന്നോടെ അവസാനിക്കുകയാണ്. നമുക്കു പിരിയാം. ഇന്നു മുതൽ എന്റെ വീട്ടിൽ ആരാധന വേണ്ട."

അടുത്ത നിമിഷം അരങ്ങേറിയ അത്ഭുതം.

എന്റെ നാലു വർഷത്തെ അന്വേഷണവും കണ്ടെത്തലുകളും വിശ്വാസവും വാദഗതികളുമെല്ലാം പത്തുമിനുട്ടിനുള്ളിൽ തൂത്തെറിഞ്ഞ് തകിടംമറിച്ച് മറ്റൊരുവിശ്വാസത്തിൽ എന്നെ തറക്കാൻ വന്നവർക്ക് നിഷ്പ്രയാസം കഴിഞ്ഞു! ഞാൻ പരാജയപ്പെട്ട് ഭയവിഹ്വലനായി അവർക്ക് കീഴ്പ്പെട്ടു! അവരോട് അനുസരണയുള്ള ശിശുവായി പുനർജനിച്ചു!

സംഭവം ഇങ്ങനെ: എന്റെ വിശദീകരണം കേട്ട പാസ്റ്റർമാർ ഒന്നടങ്കം പൊട്ടിത്തെറിച്ചു. വളരെ ശബ്ദത്തിൽ 'ഹല്ലേലുയ്യാ... സ്തോത്രം, സ്തോത്രം' എന്നു വിളിച്ചുപറയുകയും അട്ടഹസിച്ച് ഉറഞ്ഞുതുള്ളിക്കൊണ്ടും മനസ്സിലാകാത്ത അന്യഭാഷ സംസാരിച്ചും ഭീകരാന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടും ഒരാൾ എന്റെ തലയിൽ രണ്ടുകൈകളും അമർത്തിപ്പിടിച്ച് ശാസിക്കുകയാണ്.

'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആജ്ഞാപിക്കുന്നു. ദുർഭൂതമേ സഹോദരനെ വിട്ടുപോകൂ... പോകൂ... ഒരു നിമിഷം നിനക്കിനി സ്ഥാനമില്ല. വിട്ടുപോകൂ ഭൂതമേ...'



മറുഭാഷയുടെ കാഠിന്യവും കൈയടിയും തുള്ളലും ചാട്ടവും നൃത്തവും എന്റെ ശരീരത്തിൽ പ്രവേശിച്ച ദുർഭൂതത്തിനെ തപ്പിയും തടവിയും തല്ലിയും ശാസിച്ചും പുറത്താക്കാനുള്ള പിടിവലിയും...അധികം പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. ഞാൻ പകുതി ബോധം നഷ്ടപ്പെട്ടു തളർന്നിരുന്നു. ഒരുപാട് വെള്ളം അകത്താക്കി. ക്രമേണ സഭ ശാന്തമായി. ഭയത്തോടെ ഞാൻ ചോദിച്ചു: 'എന്താണിത് പാസ്റ്ററേ?'

ഉ: 'സ്വന്തം ഇഷ്ടപ്രകാരമോ, ജഡത്തിന്റെ (ശരീരത്തിന്റെ) ക്ഷണപ്രകാരമോ അല്ല. ജ്ഞാനിയായ, ദൈവപുത്രനെ തന്ത്രകുതന്ത്രങ്ങൾകൊണ്ടു സാത്താൻ വലയിൽ വീഴ്ത്തി. എന്നിട്ടും അവൻ (സാത്താൻ) അടങ്ങിയില്ല. കുടുംബാംഗങ്ങളിൽ ഛിദ്രവും ഭിന്നിപ്പും കലഹവുമുണ്ടാക്കി ചിതറിച്ചുകളയും. വിശുദ്ധ ബൈബിൾ ഉയർത്തിക്കാട്ടിയ മുന്നറിയിപ്പുകൾ... ദൈവഗ്രന്ഥം ഒരിക്കലും കള്ളംപറയുകയില്ല സഹോദരാ. ഭൂതബാധയിൽ അകപ്പെട്ട നിങ്ങളുടെ അന്ത്യം ഭയാനകമായിരിക്കും.'

(പിന്നീട് ബൈബിൾ അരിച്ചുപെറുക്കിയിട്ടും ഇങ്ങനെ ഒരു സംഭവം ഞാൻ കണ്ടിട്ടില്ല)

ഇതിനെതിരെ പ്രതികരിക്കാനോ മറുചോദ്യം ചോദിക്കാനോ ഉള്ള മനക്കരുത്ത് ചോർന്നുപോയിരുന്നു. ഇവരുടെ പ്രവചനം ഫലിച്ചാലോ? ഒരു നിമിഷം ചിന്തിച്ചു. കൊടുംചൂടേറ്റു തളർന്ന തളിരിലപോലെ കുറ്റബോധത്തോടു ഇടറി താഴ്ന്നിരുന്നു.

ചോദ്യം: 'ഞാൻ എന്ത് ചെയ്യണം?'

ഉത്തരം: 'ഉപവസിക്കണം.'

ചോദ്യം: 'അതെന്താണ്?'

ഉത്തരം: 'അന്നപാനീയങ്ങൾ ഉപേക്ഷിച്ച്, ലൗകിക ചിന്തകൾ വെടിഞ്ഞ് മൂന്നുദിവസം ഏകനായി ഉപവസിക്കുക. മൂന്നാംനാൾ സ്നാനം ഏൽക്കുകയും ചെയ്യുക. അതോടുകൂടി നിങ്ങളിലുള്ള പ്രേതബാധ ഒഴിഞ്ഞുപോകുകയും പരിശുദ്ധാത്മാവിനാൽ സുഖപുളകിതനാവുകയും ചെയ്യും. പിന്നെ ഏതു അത്ഭുതസിദ്ധികൾ കാണിക്കാനും പ്രവചിക്കാനും കഴിയും. ഒരു സംശയവും വേണ്ട. ഞങ്ങൾ വർഷങ്ങളായി ഇതുപോലുള്ള എത്രപേരെ കണ്ടിരിക്കുന്നു! പ്രശ്നങ്ങൾ പരിഹരിച്ചിരിക്കുന്നു.'

ചോദ്യം: 'ഞാൻ എന്താണ് പ്രാർഥിക്കേണ്ടത്?'

ഉത്തരം: 'പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അപേക്ഷിക്കുന്നു. കർത്താവേ, പരിശുദ്ധാത്മാവിനെ പ്രാപിച്ചു ഈ എളിയ സഹോദരനെ അനുഗ്രഹിക്കേണമേ.'

ഒരു കൊച്ചുകുട്ടിയെപ്പോലെ അവർ പറഞ്ഞതെല്ലാം അനുസരിക്കാനേ ആ സന്ദർഭത്തിൽ എനിക്കു കഴിഞ്ഞുള്ളൂ. അവർ പോയിക്കഴിഞ്ഞശേഷം വളരെയധികം ചിന്തിച്ചു. അവർ പറഞ്ഞതു ശരിയാണല്ലേ? സ്വബോധം നഷ്ടപ്പെട്ടതുപോലെയായി, നല്ല ക്ഷീണവും തളർച്ചയുമെല്ലാം ഉണ്ടല്ലോ!

ഞാൻ എന്താണീ ചെയ്യുന്നത്? ലോകത്തു വലിയൊരു സമൂഹം വിശ്വസിച്ച് ആരാധിക്കുന്ന അടിസ്ഥാന ഗ്രന്ഥമായ ബൈബിളിനെ ചോദ്യം ചെയ്യുന്നതും തർക്കിക്കുന്നതും പലർക്കും തലവേദനയും ശത്രുതയും ഉണ്ടാക്കുന്നതും ശരിയാണോ? ആത്മസുഹൃത്തുക്കളായി കിട്ടിയ എത്രപേർ പിണങ്ങി ശത്രുക്കളായി! ഹോ, ഇനി ഒന്നും വേണ്ടാ. അവർ പറഞ്ഞപോലെ ഉപവസിക്കുക, സ്നാനം ഏൽക്കുക, വിശ്വസിക്കുക. അവർ കൊണ്ടുവന്ന പണം വാങ്ങി പള്ളിയുംവച്ച് മുന്നോട്ട് പ്രവർത്തിച്ചു പോകുക. ഒരു തീരുമാനം സ്വയം എടുത്തു.

അടുത്ത വെള്ളിയാഴ്ച്ച ശുദ്ധിയുള്ള വസ്ത്രം ധരിച്ചു. വെളുപ്പിനുതന്നെ മുറിക്കുള്ളിൽ കയറി വാതിലടച്ചു. പായിൽ ഇരുന്നു. രണ്ടു കൈയും ഉയർത്തിപ്പിടിച്ചു. പരിശുദ്ധാത്മാവിനു വേണ്ടി പ്രാർഥിച്ചുകൊണ്ടിരുന്നു. സഹിക്കാൻ വയ്യാത്ത വിശപ്പും ദാഹവുമെല്ലാം സന്ധ്യവരെ കടിച്ചമർത്തി. വീണ്ടും രാത്രിയിൽ ഉറക്കമൊഴിഞ്ഞു പ്രാർഥനയും കാത്തിരിപ്പും. മൂന്നാം നാൾ സ്നാനം ഏൽക്കുന്നതിനുവേണ്ടി (പുഴയിൽ മുങ്ങിപ്പൊങ്ങുക) 7 കിലോ മീറ്റർ കൊടുംവനത്തിൽകൂടി നടന്നു; കുടുംബാംഗങ്ങൾക്കൊപ്പം.ഉദ്ദേശിച്ച പള്ളിയിലെത്തി. ഞങ്ങളെ പ്രതീക്ഷിച്ചിരുന്നവർ സ്വാഗതം ചെയ്ത് സ്വീകരിച്ചു. പള്ളിക്കുള്ളിൽ കയറ്റിയിരുത്തി.

ഹാളിനുള്ളിൽ ഒന്ന് കണ്ണോടിച്ചു. നൂറോളം വരുന്ന സ്ത്രീ-പുരുഷ വിശ്വാസികൾ ഹാളിലുണ്ട്. പത്തുമണി ആരാധന സമയമായി. നാൽപതു വയസ്സിനു മുകളിൽ പ്രായം തോന്നിക്കുന്ന സുമുഖനായ ഒരു പുരോഹിതൻ കൈയിൽ ബൈബിളുമായി പ്രവേശിച്ചു. എല്ലാവരും എഴുന്നേറ്റു സ്തോത്രം പറഞ്ഞു; ഇരുന്നു.

പാസ്റ്റർ ചോദിച്ചു: 'ദൈവകൃപയാൽ തിരഞ്ഞെടുത്ത ഒരു കുടുംബം സ്നാനം ഏൽക്കുന്നതിന് വേണ്ടി നമ്മുടെ സഭയിൽ വന്നിട്ടുണ്ട്. അവർ ഒന്ന് എഴുന്നേറ്റു നിൽക്കുക.'

ഞങ്ങൾ എഴുന്നേറ്റു നിന്നു. പാസ്റ്റർ പറഞ്ഞു: 'ഈ ദമ്പതികൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടി രണ്ടു വാക്ക് പ്രാർഥിപ്പിൻ.'

പാസ്റ്റർ ഞങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർഥിച്ചു. എല്ലാവരും സ്തോത്രം പറഞ്ഞ് ഇരുന്നു. സഭ ആരംഭിച്ചു. തള്ളിക്കളഞ്ഞ കല്ല് മൂലക്കല്ലായി. പാസ്റ്റർ ഇടി കല്ലിന് ആസ്പദമാക്കി രണ്ടുമണിക്കൂറോളം വാചാലമായി പ്രസംഗിച്ചു. ഹോ...! എന്തൊരു പ്രസംഗം! വല്ലാത്ത സ്ഫുടതയും വാചാലതയും! ആരെയും ആകർഷിക്കുന്ന ഇടപെടൽ. എനിക്ക് വളരെ തൃപ്തിയും സന്തോഷവും ആത്മധൈര്യവും ഉണ്ടായി. സമയം പോയതറിഞ്ഞില്ല. 12 മണിക്ക് സഭ പിരിയുന്നതിനു മുമ്പായി പാസ്റ്ററുടെ മുന്നറിയിപ്പ്: 'നാടുചുറ്റി സഞ്ചരിക്കുന്ന വിശ്വാസികളെല്ലാം ബൈബിൾ പണ്ഡിതന്മാർ ആയിരിക്കില്ല. ബൈബിൾപരമായോ വിശ്വാസപരമായോ എന്തെങ്കിലും സംശയങ്ങൾ ആർക്കെങ്കിലും ഉണ്ടെങ്കിൽ ചോദിക്കാനുള്ള സമയമാണിത്.'

ഒരാൾ എഴുന്നേറ്റു ചോദിച്ചു: 'കർത്താവായ യേശുവിനെ ഹൃദയത്തിൽ സ്ഥിരപ്പെടുത്തി സ്നാനകർമം ചെയ്യാതെ, ആർക്കെങ്കിലും പരിശുദ്ധാത്മാവിനെ പ്രാപിക്കാൻ കഴിയുമോ?'

ഉ: 'സ്നാപകയോഹന്നാൻ മുഖാന്തിരം ദൈവപുത്രൻ ജ്ഞാനസ്നാനം ചെയ്യുകയും പരിശുദ്ധാത്മാവിനെ പ്രാപിക്കുകയും ചെയ്തു. തുടർന്ന് വിശ്വാസികൾ പുരോഹിതന്മാർ മുഖാന്തിരം സ്നാനം ഏൽക്കൽ തുടർന്നുവരുന്നു. ലോകാവസാനംവരെയും ഇത് തുടരും. സ്നാനം ഏറ്റ് പാപക്കറകൾ കഴുകിക്കളഞ്ഞു കർത്താവായ യേശുവിനെ പിൻപറ്റുവോളം ആരും വിശ്വാസിയാകുകയില്ല.'

ചോദ്യങ്ങളും കൃത്യമായ മറുപടിയും കേട്ട് എനിക്ക് ആവേശമായി. എനിക്ക് പലപ്പോഴും ചോദിക്കണമെന്ന് തോന്നി; ബൈബിൾ വാചകങ്ങളുടെ അടിയിൽ വരയിട്ടുവച്ചിരുന്നതും ചോദിക്കാൻ അവസരം ലഭിക്കാതെപോയതുമായ ഒരു വചനത്തെക്കുറിച്ച്.

രണ്ടാമത് ആരും ചോദ്യവുമായി എഴുന്നേൽക്കാതിരുന്നപ്പോൾ വളരെ ആവേശത്തോടുകൂടി ബൈബിളും ഉയർത്തിപ്പിടിച്ചു ഞാൻ എഴുന്നേറ്റുനിന്നു ചോദിച്ചു: "യോഹന്നാൻ അധ്യായം 16 ൽ 7 മുതൽ 17 വരെയുള്ള വചനങ്ങളിൽ യേശു ശിഷ്യന്മാരോട് പറയുന്നു: 'ഞാൻ സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുത്തു വരികയില്ല. ഞാൻ പോയാൽ അവൻ നിങ്ങളുടെ അടുത്ത് വരും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യംവരുത്തും. ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നു. ഇനിയും വളരെ പറയാനുണ്ട്. എന്നാൽ നിങ്ങൾക്കു താങ്ങാനാവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും. അവൻ സ്വന്തമായി സംസാരിക്കാതെ കേൾക്കുന്നതൊക്കെയും പറഞ്ഞു തരും. അവൻ എനിക്കുള്ളതിൽനിന്നും എടുത്തു തരുന്നതിനാൽ എന്നെയും മഹത്ത്വപ്പെടുത്തും.' ഈ ആൾ ആരാണ്? ഇയാൾ വന്നുപോയോ?"

> **"യോഹന്നാൻ അധ്യായം 16 ൽ 7 മുതൽ 17 വരെയുള്ള വചനങ്ങളിൽ യേശു ശിഷ്യന്മാരോട് പറയുന്നു: 'ഞാൻ സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുത്തു വരികയില്ല. ഞാൻ പോയാൽ അവൻ നിങ്ങളുടെ അടുത്ത് വരും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധ്യംവരുത്തും. ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കുന്നു. ഇനിയും വളരെ പറയാനുണ്ട്. എന്നാൽ നിങ്ങൾക്കു താങ്ങാനാവില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോൾ അവൻ നിങ്ങളെ സകലസത്യത്തിലും വഴി നടത്തും.' ഈ ആൾ ആരാണ്? ഇയാൾ വന്നുപോയോ?"**

ചോദ്യംകേട്ടതോടെ പാസ്റ്ററുടെ മുഖഭാവം പെട്ടെന്നു മാറി. മുഖത്ത് കോപം വന്നതുപോലെ എനിക്കു തോന്നി. എന്നോട് ഇരിക്കാൻ കൈകൊണ്ട് ആംഗ്യം കാണിച്ചു. ഞാൻ പെട്ടെന്ന് ഇരുന്നു. ചിലരൊക്കെ രൂക്ഷമായി എന്നെ നോക്കുന്നു. പാസ്റ്റർ മറുപടി പറയാതെ ഒരു പാട്ടുപാടി അവസാനിപ്പിച്ചു. സഭ പിരിഞ്ഞതായി പ്രഖ്യാപിച്ചു.


എനിക്ക് അങ്കലാപ്പായി. ഉൾഭയമുണ്ടായി. വല്ല വിഡ്ഢിത്തവുമാണോ ചോദിച്ചത്? ഒന്നും വേണ്ടായിരുന്നു. എന്റെ ചോദ്യം പാസ്റ്റർക്ക് ഇഷ്ടപ്പെട്ടില്ലെന്നു മുഖഭാവം വ്യക്തമാണ്. പള്ളിമൂലയിൽ ഇരുന്നുകൊണ്ട്, ചോദിച്ച ഭാഗം വീണ്ടും വായിച്ചുകൊണ്ടിരുന്നു; സംഭവിച്ചതെന്തെന്ന് തിരിച്ചറിയാൻ.

**(തുടരും)**

മൂസ സ്വലാഹി, കാര
moosakara001@gmail.com

വിമർശനം

അറുതിയില്ലാത്ത അന്ധവിശ്വാസങ്ങൾ 20



# വികല വിശ്വാസങ്ങളും ശിർക്കൻ വ്യവഹാരവും

അജ്ഞതയും വിശ്വാസദുർബലതയും കാരണമായി മുസ്‌ലിം സമൂഹത്തിൽ ലയിച്ചുചേർന്നിട്ടുള്ള വ്യാജവിശ്വാസങ്ങൾക്ക് കൈയുംകണക്കുമില്ല. അല്ലാഹുവിന്റെ വിശേഷണങ്ങളെ വ്യാജ ഔലിയാക്കളിൽ ചാർത്തുക, അവരോട് പ്രാർഥനയും സഹായതേട്ടവും നടത്തുക, നൂലിലും ചരടിലും തകിടുകളിലും അഭയം തേടുക എന്നിവ ഉദാഹരണം. എന്നാൽ ഇതിനൊന്നും ഇസ്‌ലാമുമായി യാതൊരു ബന്ധവുമില്ല.

അല്ലാഹു പറയുന്നു: "വല്ലവനും അല്ലാഹുവോടൊപ്പം മറ്റു വല്ല ദൈവത്തെയും വിളിച്ച് പ്രാർഥിക്കുന്ന പക്ഷം-അതിന് അവന്റെ പക്കൽ യാതൊരു പ്രമാണവും ഇല്ല തന്നെ -അവന്റെ വിചാരണ അവന്റെ രക്ഷിതാവിന്റെ അടുക്കൽ വച്ചുതന്നെയായിരിക്കും. സത്യനിഷേധികൾ വിജയം പ്രാപിക്കുകയില്ല; തീർച്ച" (ക്വുർആൻ 23:117).

മതത്തിന്റെ യഥാർഥ ആദർശത്തെ മൂടിവച്ചും പ്രമാണങ്ങളെ അവഗണിച്ചും കള്ളക്കഥകളെ തെളിവാക്കിയുമാണ് സമസ്തക്കാർ മുന്നോട്ടുപോകുന്നത്. അത്കൊണ്ടുതന്നെ ഇതിനെതിരെ പ്രതികരിക്കൽ അനിവാര്യമായി വരുന്നു. ഔലിയാക്കൾക്ക് നൽകപ്പെട്ട കറാമത്തുകളുടെ പേരുപറഞ്ഞാണ് കാര്യമായും ചൂഷണവും തെറ്റുധരിപ്പിക്കലും നടക്കുന്നത്. കറാമത്ത് ഒരാൾക്കും അവരുടെ ഇഷ്ടപ്രകാരം കാണിക്കാൻ കഴിയുന്ന ഒന്നല്ല; മറിച്ച് അല്ലാഹു അവന്റെ ഇഷ്ടദാസന്മാരിലൂടെ അവൻ ഉദ്ദേശിക്കുമ്പോൾ സംഭവിപ്പിക്കുന്ന കാര്യമാണത്.

മർയം ബീവിക്ക് നൽകപ്പെട്ട കറാമത്തിനെ സംബന്ധിച്ച് ക്വുർആൻ പറയുന്നു: "അങ്ങനെ അവളുടെ (മർയമിന്റെ) രക്ഷിതാവ് അവളെ നല്ലനിലയിൽ സ്വീകരിക്കുകയും നല്ലനിലയിൽ വളർത്തിക്കൊണ്ടു വരികയും അവളുടെ സംരക്ഷണച്ചുമതല അവൻ സകരിയ്യായെ ഏൽപിക്കുകയും ചെയ്തു. മിഹ്റാബിൽ (പ്രാർഥനാവേദിയിൽ) അവളുടെ അടുക്കൽ സകരിയ്യാ കടന്നുചെല്ലുമ്പോഴെല്ലാം അവളുടെ അടുത്ത് എന്തെങ്കിലും ആഹാരം കണ്ടെത്തുമായിരുന്നു. അദ്ദേഹം ചോദിച്ചു: മർയമേ, നിനക്ക് എവിടെനിന്നാണിത് കിട്ടിയത്? അവൾ മറുപടി പറഞ്ഞു: അത് അല്ലാഹുവിങ്കൽനിന്ന് ലഭിക്കുന്നതാകുന്നു. തീർച്ചയായും അല്ലാഹു താൻ ഉദ്ദേശിക്കുന്നവർക്ക് കണക്കുനോക്കാതെ നൽകുന്നു"(ക്വുർആൻ 3:37).

താൻ ഉദ്ദേശിക്കുമ്പോൾ ശൂന്യതയിൽനിന്ന് ഭക്ഷണം വരുത്തുന്നു എന്നല്ല മറ്യംബീവി പറയുന്നത്; അല്ലാഹു നൽകുന്നു എന്നാണ്. എന്നാൽ സമസ്തക്കാരുടെ വിശ്വാസം ഇതിനെതിരാണ്. പ്രവാചകന്മാർക്കും ഔലിയാക്കൾക്കും അസാധാരണ സംഭവങ്ങൾ അവർക്ക് ഇഷ്ടമുള്ളപ്പോഴെല്ലാം പ്രകടിപ്പിക്കാൻ കഴിയും എന്നു മാത്രമല്ല; അല്ലാഹുവിന്റെ കഴിവുപോലും അവർക്ക് നൽകപ്പെടും എന്നും ഇക്കൂട്ടർ വാദിക്കുന്നു. സമസ്തയുടെ വാദം കാണുക: "അമ്പിയാക്കൾക്ക് മുഅ്ജിസത്ത് എന്ന പേരിലും ഔലിയാക്കൾക്ക് കറാമത്ത് എന്ന പേരിലും അസാധാരണ സംഭവങ്ങൾ കാണിച്ചുകൊടുക്കാൻ കഴിയും" (കുണ്ടുതോട് വാദപ്രതിവാദം/പേജ് 4).

രിഫാഈ ശൈഖിന്റെ കറാമത്തായി ഇക്കൂട്ടർ എഴുതിയത് കാണുക: "മുഖത്തുനോക്കി മനസ്സിൽ സൂക്ഷിച്ച കാര്യങ്ങൾ പറയുന്നതും വരാനിരിക്കുന്ന കാര്യങ്ങൾ മുമ്പേ പറയുന്നതും അവിടുത്തെ കറാമത്തുകളിൽ ചിലതാണ്" (ശൈഖ് രിഫാഈ: പ്രപഞ്ച വിസ്മയം/പേജ് 33).

ചിന്തിക്കുക! അല്ലാഹുവിന്റെ മാത്രം കഴിവാണ് ഇപ്പറഞ്ഞത്. നബിമാർക്കുപോലും നൽകപ്പെടാത്ത ഈ കഴിവ് രിഫാഈ ശൈഖിന് ഉണ്ടായിരുന്നു എന്ന വാദത്തിലെ അപകടം ഇവർക്ക് അറിയില്ലേ? മനസ്സിലുള്ളതും മറഞ്ഞതുമായ കാര്യങ്ങൾ അറിയുക എന്നത് അല്ലാഹുവിന്റെ മാത്രം കഴിവാണെന്നത് ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസമാണ്.

അല്ലാഹു പറയുന്നു: "(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യകാര്യം അറിയുകയില്ല;അല്ലാഹുവല്ലാതെ. തങ്ങൾ എന്നാണ് ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്നും അവർക്കറിയില്ല" (ക്വുർആൻ 27:65).

"കണ്ണുകളുടെ കള്ളനോട്ടവും ഹൃദയങ്ങൾ മറച്ചുവയ്ക്കുന്നതും അവൻ (അല്ലാഹു) അറിയുന്നു" (40:19).

അല്ലാഹുവിന്റെ ഈ ഗുണങ്ങളാണ് ശൈഖിന്റെ പിരടിയിൽ ഇവർ കെട്ടിവയ്ക്കുന്നത്. അല്ലാഹുവിന്റെ നാമഗുണങ്ങളിലും വിശേഷണങ്ങളിലും പങ്കുചേർക്കൽ തൗഹീദാണോ, അതോ ശിർക്കോ? മതത്തിന്റെ അടിസ്ഥാനപാഠങ്ങൾ മനസ്സിലാക്കിയ കുട്ടിക്കു പോലും ഇതിലെ ഇസ്‌ലാം വിരുദ്ധത തിരിച്ചറിയാൻ സാധിക്കും.

രിഫാഈ ശൈഖ് പാടിയതായി ഇവർ എഴുതിവച്ചത് കാണുക: "ഞാൻ ദൂരെയായിരിക്കുമ്പോൾ ഈ പുണ്യമായ ഭൂമി ചുംബിക്കാനായി എന്റെ ആത്മാവിനെ പകരക്കാരനായി ഞാൻ പറഞ്ഞയക്കാറുണ്ടായിരുന്നു. ഇപ്പോൾ

> **മതത്തിന്റെ യഥാർഥ ആദർശത്തെ മൂടിവച്ചും പ്രമാണങ്ങളെ അവഗണിച്ചും കള്ളക്കഥകളെ തെളിവാക്കിയുമാണ് സമസ്തക്കാർ മുന്നോട്ടുപോകുന്നത്. അത്കൊണ്ടുതന്നെ ഇതിനെതിരെ പ്രതികരിക്കൽ അനിവാര്യമായി വരുന്നു. ഔലിയാക്കൾക്ക് നൽകപ്പെട്ട കറാമത്തുകളുടെ പേരുപറഞ്ഞാണ് കാര്യമായും ചൂഷണവും തെറ്റുധരിപ്പിക്കലും നടക്കുന്നത്. കറാമത്ത് ഒരാൾക്കും അവരുടെ ഇഷ്ടപ്രകാരം കാണിക്കാൻ കഴിയുന്ന ഒന്നല്ല; മറിച്ച് അല്ലാഹു അവന്റെ ഇഷ്ടദാസന്മാരിലൂടെ അവൻ ഉദ്ദേശിക്കുമ്പോൾ സംഭവിപ്പിക്കുന്ന കാര്യമാണത്.**

ഞാൻ അങ്ങയുടെ തിരുസന്നിധിയിൽ എത്തിയിരിക്കുന്നു. എനിക്ക് അങ്ങയുടെ വലതുകരം നീട്ടിത്തരൂ. എന്റെ ചുണ്ട് അതിനാൽ ഭാഗ്യംസിദ്ധിക്കട്ടെ.' ഉടനെ നബിﷺ അവിടുത്തെ തിരുകരം നീട്ടിക്കൊടുക്കുകയും ശൈഖ് രിഫാഈ തൃക്കരം മതിവരുവോളം ചുംബിക്കുകയും ചെയ്തു" (ശൈഖ് രിഫാഈ: പ്രപഞ്ച വിസ്മയം/പേജ് 37).

ആത്മാവിനെ മാത്രം പുണ്യഭൂമിലേക്ക് പറഞ്ഞയക്കുക, എന്നിട്ട് ആ ആത്മാവിന് ചുംബിക്കാനായി നബിﷺയോട് കൈ നീട്ടുവാൻ ആവശ്യപ്പെടുക, ക്വബ്‌റിൽനിന്നും നബിﷺ പുറത്തേക്ക് കൈ നീട്ടിക്കൊടുക്കുക...! എങ്ങനെയുണ്ട്? ബാലമംഗളത്തിലെ കഥയല്ല, സമസ്തക്കാർ ജനങ്ങളെ പഠിപ്പിക്കുന്ന കാര്യമാണിത്. അതിനാൽ ഇത് തീർത്തും സത്യമാണെന്നു കരുതി വിശ്വസിച്ചുപോരുന്ന ജനലക്ഷങ്ങളുണ്ട്.

വാസ്തവത്തിൽ ഇത് മതത്തെ പരിഹസിക്കലും തെറ്റുധരിപ്പിക്കലുമാണ്. സത്യവിശ്വാസികൾക്ക് ഒരിക്കലും ഇത് അംഗീകരിക്കാനാവില്ല. അത്ഭുതസിദ്ധികൾ കാട്ടിക്കൊണ്ടു നടക്കുന്ന, പ്രത്യേക വേഷഭൂഷാദികളോടെ, മതനിയമങ്ങളൊന്നും പാലിക്കാതെ ജീവിക്കുന്ന ഒരുതരം മനുഷ്യരാണ് ഇവരുടെ വീക്ഷണത്തിലുള്ള വലിയ്യുകൾ. എന്നാൽ യഥാർഥ വലിയ്യുകൾ ആരെന്ന് അല്ലാഹുതന്നെ അറിയിച്ചുതന്നത് കാണുക: "ശ്രദ്ധിക്കുക; തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ" (ക്വുർആൻ 10:62,63).

ഇവരുടെ ദിനപത്രത്തിൽ ഒരാൾ എഴുതിയ ലേഖനത്തിലെ ഏതാനും വരികൾ കാണുക: "വിശ്വപ്രസിദ്ധരായ നാലു ഖുത്വുബുകളിൽ ഒരാളാണ് അഹ്മദുൽ കബീർ രിഫാഈ(റ). രിജാലുൽ ഗൈബിലെ ഏറ്റവും ഉയർന്ന വ്യക്തിത്വമാണ് ഖുത്വുബ്. വ്യക്തിവിശുദ്ധി അതിന്റെ ഉന്നത തലത്തിലെത്തിയ, അല്ലാഹുവുമായി ഏറെ അടുത്ത ഔലിയാക്കളുടെ നേതൃസ്ഥാനമാണ് ഖുത്വുബ്. ഈ പദവി ഒരു സമയത്ത് ഒരാൾ മാത്രമെ അലങ്കരിക്കൂ. പദവിയിൽ തൊട്ടുതാഴെയുള്ളത് നാലുപേരാണ്. അവർക്ക് ഔതാദ് എന്നു പറയപ്പെടും. അവർക്കുതാഴെ ഏഴുപേരാണ്, അവർക്ക് അബ്ദാൽ എന്നും പറയുന്നു" (സുപ്രഭാതം ദിനപത്രം/ 2021 ജനുവരി 1/പേജ് 6).

സമസ്തക്കാർ ശീഈ, സ്വൂഫി, ബറേൽവി വിഭാഗങ്ങളുടെ വിശ്വാസത്തിലാണ് ജീവിക്കുന്നതെന്ന് ബോധ്യമാക്കിത്തരുന്ന വരികളാണിത്. തൗഹീദിന്റെ മറവിൽ ശിർക്ക് പ്രചരിപ്പിക്കലാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇവരുടെ ഔലിയാക്കൾ പ്രവാചകന്മാരെക്കാൾ വലിയ സ്ഥാനത്തെത്തിയവരാണെന്നോ അല്ലാഹുവിന്റെ കഴിവുകൾ നേടിയവരാണെന്നോ ഒക്കെ തോന്നിപ്പിക്കും വിധമാണ് ഇവരുടെ പ്രചാരണം. ഭൂമിയുടെ നിയന്ത്രണവും അധികാരവും ഇത്തരം ആളുകളിൽ ഏൽപിക്കപ്പെട്ടിരിക്കുന്നു എന്നാണ് ഇവർ ജൽപിക്കുന്നത്. മതത്തിൽനിന്നു പുറത്തുപോയ സ്വാബിഇകളും മജൂസികളും മക്കാമുശ്‌രിക്കുകളുമൊക്കെയാണ് ഇത്തരം വിശ്വാസം കൊണ്ടുനടന്നിരുന്നവർ. ഔലിയാക്കളുടെ നേതാവായ നബിﷺക്ക് 'ഖുത്വുബ്' എന്നൊരു ബഹുമതി ഉണ്ടായിരുന്നോ? ഉലുൽ അസ്മിൽപെട്ട പ്രവാചകന്മാരിൽ ആരൊക്കെയാണ് 'രിജാലുൽ ഗൈബിൽ' ഉൾപ്പെട്ടവർ?

അല്ലാഹുവിന്റെ അധികാരത്തിൽ പങ്കാളിയാകാൻ അടിമകളിൽ ആർക്കും അനുവാദമില്ല. ക്വുർആൻ പറയുന്നു: "സന്താനത്തെ സ്വീകരിച്ചിട്ടില്ലാത്തവനും ആധിപത്യത്തിൽ പങ്കാളിയില്ലാത്തവനും നിന്ദ്യതയിൽ നിന്ന് രക്ഷിക്കാൻ ഒരു രക്ഷകൻ ആവശ്യമില്ലാത്തവനുമായ അല്ലാഹുവിന് സ്തുതി എന്നു നീ പറയുകയും അവനെ ശരിയാംവണ്ണം മഹത്ത്വപ്പെടുത്തുകയും ചെയ്യുക" (17:111).

രിഫാഈ ശൈഖിനെ കുറിച്ച് വീണ്ടും പറയുന്നു: "ഇവരിൽ ഖുത്വുബ് മരണപ്പെട്ടാൽ ഔതാദിൽ നിന്ന് ഒരാൾ ഖുത്വുബായി ഉയരുകയും തുടർന്ന് താഴെയുള്ള പദവികളിലുള്ളവരിൽ ഓരോരുത്തർ തൊട്ടു മുകളിലേക്ക് ഉയർത്തപ്പെടുകയും ചെയ്യും. അവരാണ് അല്ലാഹുവിന്റെ അടിമകളെ വിപത്തുകളിൽ നിന്ന് സംരക്ഷിക്കുന്നത്. അവർ കാരണമാണ് മുകളിൽനിന്ന് മഴ വർഷിക്കുന്നതും.(അൽ ഫതാവൽ ഹദീസിയ്യ)" (സുപ്രഭാതം/2021 ജനുവരി 1/ പേജ് 6).

ശഹാദത്ത് കലിമ അംഗീകരിക്കുന്ന ഒരാൾക്ക് എങ്ങനെ ഇത്തരം വിവരക്കേട് വിളിച്ചുപറയാൻ കഴിയും? എന്തുമാത്രം ഗുരുതരമായ വാക്കുകളാണിത്! അല്ലാഹു പറയുന്നു: "നീ ചോദിക്കുക: എല്ലാ വസ്തുക്കളുടെയും ആധിപത്യം ഒരുവന്റെ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെനിന്നും) അഭയം ലഭിക്കുകയില്ല. അങ്ങനെയുള്ളവൻ ആരാണ്? നിങ്ങൾക്കറിയാമെങ്കിൽ (പറയൂ). അവർ പറയും: (അതെല്ലാം) അല്ലാഹുവിന്നുള്ളതാണ്. നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽ പെട്ടുപോകുന്നത്?" (ക്വുർആൻ 23:88,89).



ഇവർ പറയുന്നത് ഔലിയാക്കൾ കാരണമാണ് മഴപെയ്യുന്നത് എന്നാണ്. എന്നാൽ അല്ലാഹു പറയുന്നത് കാണുക: "ഇനി, നിങ്ങൾ കുടിക്കുന്ന വെള്ളത്തെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? നിങ്ങളാണോ അത് മേഘത്തിൻനിന്ന് ഇറക്കിയത്? അതല്ല, നാമാണോ ഇറക്കിയവൻ?'' (ക്വുർആൻ 56:68,69).

സുപ്രഭാതം ലേഖകൻ തുടരുന്നു: "ശൈഖ് മുഹ്‌യിദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി ﷺ തങ്ങളുടെ ഖാദിരിയ്യ ത്വരീഖത്ത് പോലെ ഏറെ പ്രസിദ്ധിയാർജിച്ചതും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെ ശിഷ്യഗണങ്ങളുമുള്ള രിഫാഇയ്യ ത്വരീഖത്തിന്റെ ഉപജ്ഞാതാവ് കൂടിയാണ് അദ്ദേഹം" (സുപ്രഭാതം ദിനപത്രം/2021 ജനുവരി1/പേജ് 6).

അല്ലാഹുവിന്റെ റസൂലിന്റെ മാർഗംവിട്ട് ആരുടെയൊക്കെയോ മാർഗം (ത്വരീക്വത്ത്) സ്വർഗത്തിലേക്കുള്ള യാത്ര സുഗമമാക്കാനായി തിരഞ്ഞെടുക്കുന്നവരുടെ കാര്യം അത്ഭുതകരംതന്നെ. ഇസ്‌ലാമിന്റെ ത്വരീക്വത്ത് ഒന്ന് മാത്രമാണ്, അതാണ് സ്വിറാത്തുൽ മുസ്തക്വീം. അല്ലാഹു പറയുന്നു: "ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽനിന്ന് നിങ്ങളെ ചിതറിച്ചുകളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ വേണ്ടി അവൻ നിങ്ങൾക്ക് നൽകുന്ന ഉപദേശമാണത്"(ക്വുർആൻ 6:153).

ഇതാണ് പ്രവാചകനും സ്വഹാബത്തും നിലകൊണ്ട മാർഗം. ഇത് വ്യക്തികേന്ദ്രീകൃതമോ കക്ഷിത്വമുണ്ടാക്കുന്നതോ ആയ മാർഗമല്ല.

ലേഖകൻ വീണ്ടും എഴുതുന്നു: "കേരളീയ മുസ്‌ലിംകൾക്കിടയിലും ഏറെ പ്രചാരം ലഭിച്ച സരണിയാണ് രിഫാഈ ത്വരീഖത്ത്. നിരവധി കറാമത്തുകളാൽ അനുഗൃഹീതമായ രിഫാഈ(റ)വിന്റെ മഖ്ബറ ഇന്നും അനുരാഗികളുടെ അഭയ കേന്ദ്രമാണ്" (സുപ്രഭാതം ദിനപത്രം/ 2021 ജനുവരി 1/ പേജ് 6).

ഏതായാലും കേരളത്തിലെ എല്ലാ മുസ്‌ലിംകളുടെയും അഭയകേന്ദ്രമല്ല ഒരു ജാറവും. വഴിപിഴവിൽ പെട്ടുപോയവരും അറിവില്ലായ്മയിൽ ആപതിച്ചവരുമായവർ മാത്രമെ ജാറങ്ങളുടെ അനുരാഗികളായി മാറുകയുള്ളൂ. പൗരോഹിത്യത്തിന്റെ ചതിയിൽ അകപ്പെട്ടവർക്ക് മാത്രമെ വഴിപിഴച്ച ത്വരീക്വത്തുകളുടെ വക്താകളാകാൻ കഴിഞ്ഞിട്ടുള്ളൂ.

അല്ലാഹു പറയുന്നു: "അതുകൊണ്ട് ആർ അല്ലാഹുവിൽ വിശ്വസിക്കുകയും അവനെ മുറുകെപിടിക്കുകയും ചെയ്തുവോ, അവരെ തന്റെ കാരുണ്യത്തിലും അനുഗ്രഹത്തിലും അവൻ പ്രവേശിപ്പിക്കുന്നതാണ്. അവങ്കലേക്ക് അവരെ നേർവഴിയിലൂടെ അവൻ നയിക്കുന്നതുമാണ്"" (ക്വുർആൻ 4:175).

ഇബ്നു കഥീർ(റഹി) ഇതിന്റെ വിശദീകരണത്തിൽ പറയുന്നു: "അഥവാ വളവും തിരിവുമില്ലാത്ത നേരായ, ചൊവ്വായ, വ്യക്തതയുള്ള വഴി. ഇതാണ് ഇഹത്തിലും പരത്തിലും വിശ്വാസികളുടെ വിശേഷണം. അവരുടെ വിശ്വാസ, കർമ കാര്യങ്ങളിൽ മുഴുവനായും അവർ ദുൻയാവിൽ നേർമാർഗത്തിലും സുരക്ഷിത വഴിയിലുമാണ്. സ്വർഗപ്പൂങ്കാവനത്തിലേക്ക് അവരെ വഴിനടത്തുന്നതും അതാണ്."

മക്ബ്വറകളെ ആരാധനാകേന്ദ്രമാക്കുക എന്ന സമ്പ്രദായം ജൂത, ക്രൈസ്തവ വിഭാഗങ്ങളുടെതാണ്. സത്യവിശ്വാസികൾക്ക് ഒരു മക്ബ്വറയും അഭയകേന്ദ്രമല്ല. 'എന്റെ ക്വബ്റിനെ ആഘോഷ സ്ഥലമാക്കരുതേ' എന്ന നബി ﷺ യുടെ പ്രാർഥന എത്ര അർഥപൂർമാണെന്ന് ഓർക്കുക.

ഇസ്‌ലാമിന്റെ സുന്ദരമായ മുഖത്തെ വികൃതമാക്കും വിധമുള്ള വികലമായ ആശയങ്ങളെ കൊണ്ടുനടക്കാൻ ദൃഢവിശ്വാസികൾക്ക് കഴിയില്ല.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

മുഹമ്മദ് നബിﷺ 7



# ആദ്യ ദിവ്യസന്ദേശത്തിനു ശേഷമുള്ള ഇടവേള

ഹിറാഅ് ഗുഹയിൽവച്ച് ലഭിച്ച ആദ്യ വഹ്‌യിനു ശേഷം അൽപകാലത്തേക്ക് വഹ്‌യ് ഉണ്ടായില്ല. വഹ്‌യ് നിലച്ച ആ കാലം 'ഫത്‌റതുൽ വഹ്‌യ് എന്നാണ് അറിയപ്പെടുന്നത്. അത് എത്ര കാലമായിരുന്നു എന്നതിൽ ചരിത്രകാരന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസങ്ങളുമുണ്ട്. ഇതിനെ സംബന്ധിച്ച് പണ്ഡിതന്മാർ ഇതു സംബന്ധമായി വന്ന റിപ്പോർട്ടുകളെ പരിശോധിച്ചുകൊണ്ട് പറയുന്നത് ഇപ്രകാരമാണ്: 'എന്നാൽ വഹ്‌യ് നിലച്ച ആ കാലം ഇബ്‌നു അബ്ബാസിؓൽ നിന്ന് ഇബ്‌നു സഅദ്ؓ റിപ്പോർട്ട് ചെയ്യുന്നത്; അത് (ആ കാലം ഏതാനും) ദിവസങ്ങളായിരുന്നു എന്നാണ്.'

അത് എത്ര ദിവസമാണെന്ന് ക്ലിപ്തമല്ല. മൂന്നുദിവസം, പത്തുദിവസം, പതിനഞ്ചുദിവസം, നാൽപതു ദിവസം, ആറുമാസം എന്നൊക്കെ അഭിപ്രായപ്പെട്ടവരുണ്ട്. രണ്ടരവർഷം എന്നും മൂന്നുവർഷം എന്നുമൊക്കെ യാതൊരു നിലയ്ക്കും സ്വീകാര്യയോഗ്യമല്ലാത്ത അഭിപ്രായം പറഞ്ഞവരുമുണ്ട്.

വഹ്‌യ് ഇല്ലാതിരുന്ന ഈ കാലത്ത് നബിﷺ അങ്ങേയറ്റത്തെ ദുഃഖിതനായിരുന്നു എന്നത് സത്യമാണ്. എന്നാൽ ആ ദുഃഖം മൂത്ത് അവിടുന്ന് ആത്മഹത്യക്ക് പോലും ചിന്തിച്ചെന്നും അതിനായി പലതവണ മലമുകളിൽ കയറി താഴേക്ക് ചാടാൻ ശ്രമിച്ചെന്നും ഓരോ തവണ പർവതത്തിന്റെ ഉച്ചിയിൽനിന്ന് ചാടാനൊരുങ്ങുമ്പോഴെല്ലാം ജിബ്‌രീൽﷺ നബിﷺയുടെ അടുത്ത് വരികയും, ശേഷം 'ഓ, മുഹമ്മദ്, തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്നത് സത്യമാകുന്നു' എന്നു പറഞ്ഞ് ആശ്വസിപ്പിക്കാറാണ് പതിവെന്നും ചില റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്. ഇതൊന്നും അംഗീകരിക്കുവാൻ യാതൊരു നിർവാഹവുമില്ല. കാരണം, ആത്മഹത്യയെന്ന മഹാപാപം ചെയ്യാൻ ഒരിക്കലും പ്രവാചകന്മാർ ഉദ്ദേശിക്കില്ല. അതുപോലെ ജിബ്‌രീൽﷺ വന്ന് നബിﷺയെ ആശ്വസിപ്പിക്കുമ്പോൾ അതിൽ വിശ്വാസം കൊള്ളുന്നതിന് പകരം വീണ്ടും ജീവൻ നശിപ്പിക്കാൻ ഒരു പ്രവാചകൻ ശ്രമിക്കുമോ? ഒരിക്കലുമില്ല! മാത്രവുമല്ല, ഈ സംഭവമൊന്നും പ്രവാചകനിലേക്ക് ചേർക്കപ്പെട്ട റിപ്പോർട്ടുകളുമല്ല. ആശയപരമായും നിവേദകപരമ്പരയുടെ സ്വീകാര്യതയുടെ അടിസ്ഥാനത്തിലും ഇത് തള്ളിക്കളയേണ്ടതാണ്.

## വീണ്ടും വഹ്‌യ് വരുന്നു

അൽപനാളുകളിലെ ഇടവേളക്ക് ശേഷം വീണ്ടും ദിവ്യബോധനം വരാൻ ആരംഭിച്ചു. എന്തിനായിരുന്നു ഈ അൽപകാലത്തെ ഇടവേള എന്നതിനെ സംബന്ധിച്ച് ഇബ്നു ഹജർ(റഹി) പറയുന്നു:

"അത് (വഹ്‌യ് കുറച്ചുകാലം വരാതെ പിന്നീട് വരാൻ തുടങ്ങിയത്) നബിﷺക്ക് ഉണ്ടായ പേടി നീങ്ങിപ്പോകുന്നതിനു വേണ്ടിയും ഇനിയും അത് തുടർന്നിരുന്നെങ്കിൽ എന്ന ആഗ്രഹം അവിടുത്തേക്ക് ഉണ്ടാകുന്നതിന് വേണ്ടിയും ആയിരുന്നു."

രണ്ടാമത് വഹ്‌യ് വരുന്ന സന്ദർഭത്തെ പറ്റി നബിﷺ തന്നെ നമുക്ക് പറഞ്ഞുതരുന്നത് കാണുക: "ജാബിർ ഇബ്നു അബ്ദില്ലാഹ്ﷺ പറഞ്ഞു: 'നബിﷺ വഹ്‌യ് നിലച്ചതിനെ പറ്റി സംസാരിക്കവെ (ഇപ്രകാരം) പറഞ്ഞു: ഞാൻ നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ആകാശത്തുനിന്നും ഒരു ശബ്ദം കേൾക്കാനിടയായി. അപ്പോൾ ഞാൻ എന്റെ ദൃഷ്ടി ഉയർത്തി. അപ്പോഴതാ ഹിറാഇൽ എന്റെ അടുത്തു വന്ന മലക്ക് ആകാശത്തിന്റെയും ഭൂമിയുടെയും ഇടയിൽ ഒരു പീഠത്തിൽ ഇരിക്കുന്നു. അപ്പോൾ ഞാൻ പേടിച്ചു. ഞാൻ പറഞ്ഞു: 'നിങ്ങൾ എന്നെ പുതപ്പിക്കൂ, നിങ്ങൾ എന്നെ പുതപ്പിക്കൂ.' അപ്പോൾ അല്ലാഹു (ഈ സൂക്തങ്ങൾ) അവതരിപ്പിച്ചു: 'ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റ് (ജനങ്ങളെ) താക്കീത് ചെയ്യുക. നിന്റെ രക്ഷിതാവിനെ മഹത്ത്വപ്പെടുത്തുകയും നിന്റെ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക."

മറ്റു ചില റിപ്പോർട്ടുകളിൽ നബിﷺ ആ സന്ദർഭത്തിൽ പേടിച്ച് ഭൂമിയിലേക്ക് വീണു എന്നും കാണാവുന്നതാണ്.

രണ്ടാം തവണ വഹ്‌യ് ഇറങ്ങിയപ്പോഴും അവിടുന്ന് നന്നായി പേടിച്ചു. ആദ്യത്തേതുപോലെത്തന്നെ പേടിച്ച് കുടുംബത്തിലേക്ക് ഓടുകയും അവർ അദ്ദേഹത്തെ പുതപ്പിക്കുകയും ചെയ്തു. അങ്ങനെ കിടക്കുന്ന സന്ദർഭത്തിലാണ് ഈ സൂക്തങ്ങൾ ഇറക്കപ്പെടുന്നത്. പേടിച്ച് പുതപ്പിനുള്ളിൽ കിടക്കേണ്ടവനല്ല താങ്കളെന്നും, എഴുന്നേറ്റ് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകേണ്ടവനാണെന്നും, ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് പ്രബോധനം നടത്തേണ്ടതിനാൽ ശുദ്ധികൈവരിക്കണമെന്നും അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന വിഗ്രഹങ്ങളെ ഒഴിവാക്കണമെന്നും കൽപിച്ചുകൊണ്ടുള്ളതായിരുന്നു രണ്ടാമത്തെ വഹ്‌യ്. പന്നീട് വഹ്‌യ് തുടരെത്തുടരെ വന്നുകൊണ്ടിരുന്നു.

സൂറത്തുൽ അലക്വിലെ ആദ്യത്തെ അഞ്ച് സൂക്തങ്ങൾ ഇറങ്ങിയതിനുശേഷം ഇറങ്ങുന്നത് സൂറത്തുൽ മുദ്ദസ്സിറിലെ ആദ്യത്തെ അഞ്ച് സൂക്തങ്ങളാണല്ലോ. അപ്പോൾ എന്തുകൊണ്ട് ഈ ഭാഗം സൂറത്തുൽ അലക്വിന്റെ ബാക്കി ഭാഗത്ത് വന്നില്ല എന്ന് ചിലർക്കെങ്കിലും സംശയം ഉണ്ടായേക്കാം. ക്വുർആനിലെ ഓരോ സൂക്തവും നബിﷺക്ക് ഇറങ്ങുമ്പോൾത്തന്നെ ആ വചനങ്ങൾ ഏത് അധ്യായത്തിലാണ് വരേണ്ടതെന്നും എവിടെയാണ് വരേണ്ടതെന്നും അല്ലാഹു അറിയിച്ചിരുന്നു. ആ കാര്യം നബിﷺയുടെ വഹ്‌യ് എഴുത്തുകാരെ അറിയിക്കുകയും അവർ അതുപ്രകാരം എഴുതിവയ്ക്കുകയും ചെയ്യും. ഇതിന്റെ അടിസ്ഥാനത്തിലാണ് ക്വുർആനിലെ ഓരോ അധ്യായവും അതിലെ ഓരോ വചനങ്ങളും ക്രമീകരിച്ചിരിക്കുന്നത് എന്ന കാര്യം നാം അടിസ്ഥാനപരമായി മനസ്സിലാക്കേണ്ടതുണ്ട്.

## വഹ്‌യ് നിലയ്ക്കൽ മറ്റൊരു സന്ദർഭത്തിലും

മറ്റൊരു സന്ദർഭത്തിലും ഇതുപോലെ നബിﷺക്ക് വഹ്‌യ് വരാത്ത ഇടവേള ഉണ്ടായിരുന്നു. അത് രണ്ടോ മൂന്നോ ദിവസം മാത്രമായിരുന്നു. ഈ സന്ദർഭത്തിൽ ശത്രുക്കൾ അവിടുത്തെ

**വഹ്‌യ് ഇല്ലാതിരുന്ന ഈ കാലത്ത് നബി ﷺ അങ്ങേയറ്റത്തെ ദുഃഖിതനായിരുന്നു എന്നത് സത്യമാണ്. എന്നാൽ ആ ദുഃഖം മൂത്ത് അവിടുന്ന് ആത്മഹത്യക്ക് പോലും ചിന്തിച്ചെന്നും അതിനായി പലതവണ മലമുകളിൽ കയറി താഴേക്ക് ചാടാൻ ശ്രമിച്ചെന്നും ഓരോ തവണ പർവതത്തിന്റെ ഉച്ചിയിൽനിന്ന് ചാടാനൊരുങ്ങുമ്പോഴെല്ലാം ജിബ്‌രീൽ ﷺ നബി ﷺയുടെ അടുത്ത് വരികയും, ശേഷം 'ഓ, മുഹമ്മദ്, തീർച്ചയായും താങ്കൾ അല്ലാഹുവിന്റെ ദൂതൻ തന്നെയാണെന്നത് സത്യമാകുന്നു' എന്നു പറഞ്ഞ് ആശ്വസിപ്പിക്കാറാണ് പതിവെന്നും ചില റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്. ഇതൊന്നും അംഗീകരിക്കുവാൻ യാതൊരു നിർവാഹവുമില്ല. കാരണം, ആത്മഹത്യയെന്ന മഹാപാപം ചെയ്യാൻ ഒരിക്കലും പ്രവാചകന്മാർ ഉദ്ദേശിക്കില്ല.**

നന്നായി പരിഹസിക്കാനും കുത്തിപ്പറയാനും തുടങ്ങി. മുഹമ്മദിനെ അവന്റെ റബ്ബ് ഒഴിവാക്കിയിരിക്കുന്നു എന്ന് അവർ നബി ﷺയെ പറ്റി പറയാൻ തുടങ്ങി. അപ്പോഴാണ് അല്ലാഹു താഴെ കാണുന്ന സൂക്തങ്ങൾ ഇറക്കിയത് എന്ന് ചരിത്രത്തിൽ കാണാം.

"പൂർവാഹ്നം തന്നെയാണ സത്യം; രാത്രി തന്നെയാണ സത്യം; അത് ശാന്തമാവുമ്പോൾ. (നബിയേ,) നിന്റെ രക്ഷിതാവ് നിന്നെ കൈവിട്ടിട്ടില്ല. വെറുത്തിട്ടുമില്ല" (ക്വുർആൻ 93:1-3).

സൂറത്തുൽ അലക്വിലെ ആദ്യ സൂക്തങ്ങൾ ഇറക്കപ്പെട്ടതിനുശേഷം വഹ്‌യ് നിലച്ച സംഭവം നാം വിവരിക്കുകയുണ്ടായി. അതിനെത്തുടർന്നാണ് സൂറത്തുൽ മുദ്ദസ്സിറിലെ സൂക്തങ്ങൾ ഇറങ്ങിയതെന്നും നാം മനസ്സിലാക്കി. എന്നാൽ ആദ്യവഹ്‌യ് നിലച്ചതിനുശേഷം ആദ്യമായി ഇറക്കപ്പെട്ടതാണ് ഈ സൂക്തങ്ങളെന്ന്(93:1-3) തെറ്റുധരിച്ച ചിലരുണ്ട്. അത് ശരിയല്ല.

## വഹ്‌യിന്റെ ഇനങ്ങൾ

സത്യസന്ധമായ സ്വപ്നമായിരുന്നു വഹ്‌യിന്റെ ആരംഭമെന്ന് മുമ്പ് നാം വിവരിച്ചത് ഓർക്കുമല്ലോ. പ്രവാചകന്മാർക്ക് അല്ലാഹു സ്വപ്നത്തിലൂടെയും വഹ്‌യ് നൽകും എന്നതാണ് ഇതിൽനിന്ന് നാം മനസ്സിലാക്കേണ്ടത്. നബി ﷺക്ക് ഏകദേശം ആറു മാസത്തോളം ഈ അവസ്ഥയുണ്ടായിരുന്നു എന്നാണ് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഇബ്‌റാഹീം നബി ﷺക്ക് സ്വപ്നത്തിലൂടെ വഹ്‌യ് നൽകിയ സംഭവം പ്രസിദ്ധമാണ്.

രണ്ടാമത്തെ രൂപം മറ്റൊന്നായിരുന്നു. ജിബ്‌രീൽ ﷺ നബി ﷺയുടെ അടുക്കൽ വന്ന് സന്ദേശം നൽകും. എന്നാൽ നബി ﷺ ജിബ്‌രീലിനെ കാണാറില്ലായിരുന്നു. മലക്ക് മനുഷ്യരൂപത്തിൽ നബി ﷺയുടെ അടുത്തുവന്ന് സന്ദേശം നൽകലാണ് വഹ്‌യിന്റെ മൂന്നാമത്തെ രൂപം. അതിനെ സംബന്ധിച്ച് നബി ﷺ പറയുന്നത് കാണുക: "ചിലപ്പോൾ മലക്ക് എനിക്കുവേണ്ടി ഒരു പുരുഷന്റെ രൂപംപ്രാപിക്കും. എന്നിട്ട് എന്നോട് അദ്ദേഹം സംസാരിക്കും. അപ്പോൾ ഞാൻ അദ്ദേഹം പറയുന്നത് നന്നായി മനസ്സിലാക്കും" (ബുഖാരി).

ഇത്തരം സന്ദർഭങ്ങളിൽ സ്വഹാബിമാർക്കും ജിബ്‌രീലിനെ കാണാമായിരുന്നു. മണിനാദംപോലെയുള്ള ശബ്ദം കേൾക്കുന്ന രൂപത്തിലാണ് നബി ﷺക്ക് വഹ്‌യ് ലഭിക്കുന്നതിന്റെ നാലാമത്തെ രൂപം. അതായിരുന്നു അവിടുത്തേക്ക് അങ്ങേയറ്റത്തെ പ്രയാസമുണ്ടായിരുന്നത്. അതിനെ സംബന്ധിച്ച് ഹദീഥുകളിൽ ഇപ്രകാരം കാണാം:

അൽഹാരിഥ് ഇബ്ന് ഹിശാം ﷺ റസൂലി ﷺനോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, എപ്രകാരമായിരുന്നു അങ്ങേക്ക് വഹ്‌യ് വന്നിരുന്നത്?' അപ്പോൾ റസൂൽ ﷺ പറഞ്ഞു: 'ചിലപ്പോൾ മണിനാദംപോലെയാണ് എനിക്ക് വഹ്‌യ് വന്നിരുന്നത്. അതായിരുന്നു എനിക്ക് ഏറ്റവും പ്രയാസം. അങ്ങനെ അത് എന്നിൽനിന്ന് വിട്ടുമാറിപ്പോയാൽ അദ്ദേഹം പറഞ്ഞത് ഞാൻ നന്നായി മനസ്സിലാക്കുകയും ചെയ്യും'(ബുഖാരി).

ഈ അവസ്ഥയിൽ വഹ്‌യ് വരുന്ന സന്ദർഭത്തെ പറ്റി ആഇശ ﷺ പറയുന്നത് കാണുക: "കഠിനമായ തണുപ്പുള്ള ഒരു ദിവസത്തിൽ നബി ﷺക്ക് വഹ്‌യ് ഇറങ്ങുന്നത് ഞാൻ കാണുകയുണ്ടായി. അങ്ങനെ അത് (വഹ്‌യ് ഇറങ്ങുന്നത്) ഒഴിവായപ്പോൾ തീർച്ചയായും അവിടുത്തെ നെറ്റിയിൽ വിയർപ്പ് ഒഴുകി"(ബുഖാരി).

അവിടുത്തെ മുഖത്തിന്റെ അവസ്ഥതന്നെ മാറുമായിരുന്നു എന്നും മറ്റു ചില റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്. നബി ﷺയുടെ വഹ്‌യ് എഴുത്തുകാരനായ സൈദുബ്നു ഥാബിത് ﷺ പറയുന്നത് കാണുക:

"നബി ﷺയുടെ തുട എന്റെ തുടയിൽ ആയിരിക്കുമ്പോൾ അല്ലാഹു അവന്റെ റസൂലിന് ﷺ (വഹ്‌യ്)

ഇറക്കി. എന്റെ തുട പൊട്ടിപ്പോകുന്നത് ഞാൻ പേടിക്കുന്നത് വരെ അത് എനിക്ക് അങ്ങേയറ്റത്തെ ഭാരമായി"(ബുഖാരി).

നബിﷺയും സൈദുംؓ അന്നേരം ഒട്ടകപ്പുറത്ത് യാത്രയിലായിരുന്നു. ആ ഇരുത്തത്തിൽ അവിടുത്തെ കാൽതുട സൈദിؓന്റെ കാൽതുടയിൽ തട്ടിനിൽക്കുന്ന അവസ്ഥയിലായിരുന്നു. അപ്പോഴാണ് ഇപ്രകാരം വഹ്‌യ് ഇറങ്ങിയത്. ഇത്തരം സന്ദർഭങ്ങളിൽ ആ ഭാരം താങ്ങാൻ കഴിയാതെ വാഹനം മുട്ടുകുത്തുമായിരുന്നു എന്നും നമുക്ക് കാണാവുന്നതാണ്. മലക്കിനെ തനതായ രൂപത്തിൽ കാണുന്ന രൂപത്തിലും നബിﷺക്ക് വഹ്‌യ് ലഭിക്കാറുണ്ടായിരുന്നു. രണ്ടുതവണയാണ് ഇപ്രകാരം ഉണ്ടായത് എന്നും ജിബ്‌രീലിനെ സാക്ഷാൽ രൂപത്തിൽ നബിﷺ കണ്ടപ്പോൾ ജിബ്‌രീലിന് അതിവിശാലമായ അറുനൂറ് ചിറകുകൾ ഉണ്ടായിരുന്നു എന്നും നബിﷺ നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. അല്ലാഹു തന്നെ നേരിട്ട് ഒരു മറക്ക് പിന്നിൽവച്ച് സംസാരിച്ചും വഹ്‌യ് നൽകും. ഇതാണ് അഞ്ചാമത്തെ രൂപം. ഇസ്‌റാഅ്-മിഅ്‌റാജ്‌യാത്രയിൽ നബിﷺയോട് നമസ്‌കാരം നിർബന്ധമാക്കപ്പെട്ട സന്ദർഭത്തിൽ അല്ലാഹു നബിﷺയുമായി നടത്തിയ സംസാരം ഇതിന് ഉദാഹരണമാണ്. മൂസാؑ തൗറാത്ത് സ്വീകരിക്കാൻ പോയ സന്ദർഭത്തിൽ അല്ലാഹുവുമായി സംസാരിച്ചത് നാം മനസ്സിലാക്കിയിട്ടുണ്ട്.

"നമ്മുടെ നിശ്ചിത സമയത്തിന് മൂസാ വരികയും, അദ്ദേഹത്തിന്റെ രക്ഷിതാവ് അദ്ദേഹത്തോട് സംസാരിക്കുകയും ചെയ്തപ്പോൾ മൂസാ പറഞ്ഞു: എന്റെ രക്ഷിതാവേ, (നിന്നെ) എനിക്കൊന്നു കാണിച്ചുതരൂ. ഞാൻ നിന്നെയൊന്ന്‌നോക്കിക്കാണട്ടെ. അവൻ (അല്ലാഹു) പറഞ്ഞു: നീ എന്നെ കാണുകയില്ലതന്നെ. എന്നാൽ നീ ആ മലയിലേക്ക് നോക്കൂ. അത് അതിന്റെ സ്ഥാനത്ത് ഉറച്ചുനിന്നാൽ വഴിയെ നിനക്കെന്നെ കാണാം. അങ്ങനെ അദ്ദേഹത്തിന്റെ രക്ഷിതാവ് പർവതത്തിന് വെളിപ്പെട്ടപ്പോൾ അതിനെ അവൻ പൊടിയാക്കി. മൂസാ ബോധരഹിതനായി വീഴുകയും ചെയ്തു. എന്നിട്ട് അദ്ദേഹത്തിന് ബോധം വന്നപ്പോൾ അദ്ദേഹം പറഞ്ഞു: നീയെത്ര പരിശുദ്ധൻ! ഞാൻ നിന്നിലേക്ക് ഖേദിച്ചുമടങ്ങിയിരിക്കുന്നു. ഞാൻ വിശ്വാസികളിൽ ഒന്നാമനാകുന്നു"(ക്വുർആൻ 7:143).

മൂസാനബിؑയോട് അല്ലാഹു സംസാരിച്ച ഈ സന്ദർഭവും ഒരു മറക്ക് പിന്നിൽ നിന്നായിരുന്നു എന്ന് ഈ ആയത്തിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. വഹ്‌യിന്റെ ഈ രൂപത്തെ പറ്റി ക്വുർആൻ തന്നെ വ്യക്തമാക്കുന്നത് കാണുക:

"(നേരിട്ടുള്ള) ഒരു ബോധനം എന്ന നിലയിലോ ഒരു മറയുടെ പിന്നിൽനിന്നായിക്കൊണ്ടോ, ഒരു ദൂതനെ അയച്ച് അല്ലാഹുവിന്റെ അനുവാദപ്രകാരം അവൻ ഉദ്ദേശിക്കുന്നത് അദ്ദേഹം (ദൂതൻ) ബോധനം നൽകുക എന്ന നിലയിലോ അല്ലാതെ അല്ലാഹു തന്നോട് സംസാരിക്കുക എന്ന കാര്യം യാതൊരു മനുഷ്യന്നും ഉണ്ടാവുകയില്ല. തീർച്ചയായും അവൻ ഉന്നതനും യുക്തിമാനുമാകുന്നു" (ക്വുർആൻ 42:51).

നബിﷺക്ക് ജിബ്‌രീൽؑ വഹ്‌യ് നൽകുന്ന വേളയിൽ പെട്ടെന്ന് അതെല്ലാം ഹൃദിസ്ഥമാക്കുന്നതിന് ധൃതിപ്പെടുമായിരുന്നു. വഹ്‌യ് നൽകപ്പെടുന്ന കാര്യങ്ങൾ മറന്നേക്കുമോ എന്നെല്ലാമുള്ള പേടികൊണ്ടാകാം അവിടുന്ന് ഇപ്രകാരം ധൃതികാണിച്ചിരുന്നത്. അതിനാൽ നബിﷺയെ അല്ലാഹു ആശ്വസിപ്പിച്ചു:

"നീ അത് (ക്വുർആൻ) ധൃതിപ്പെട്ട് ഹൃദിസ്ഥമാക്കാൻ വേണ്ടി അതുംകൊണ്ട് നിന്റെ നാവ് ചലിപ്പിക്കേണ്ട. തീർച്ചയായും അതിന്റെ (ക്വുർആന്റെ) സമാഹരണവും അത് ഓതിത്തരലും നമ്മുടെ ബാധ്യതയാകുന്നു. അങ്ങനെ നാം അത് ഓതിത്തന്നാൽ ആ ഓത്ത് നീ പിന്തുടരുക. പിന്നീട് അത് വിവരിച്ചുതരലും നമ്മുടെ ബാധ്യതയാകുന്നു" (ക്വുർആൻ 75:16-19).

"നിനക്ക് നാം ഓതിത്തരാം. നീ മറന്നുപോകുകയില്ല" (ക്വുർആൻ 87:6).

"...ക്വുർആൻ-അത് നിനക്ക് ബോധനം നൽകപ്പെട്ടുകഴിയുന്നതിനുമുമ്പായി- പാരായണം ചെയ്യുന്നതിനു നീ ധൃതികാണിക്കരുത്. എന്റെ രക്ഷിതാവേ, എനിക്കു നീ ജ്ഞാനം വർധിപ്പിച്ചുതരേണമേ എന്ന് നീ പറയുകയും ചെയ്യുക" (ക്വുർആൻ 20:114).

നബിﷺക്ക് വഹ്‌യ് നൽകുന്ന ഏതൊരു കാര്യത്തിലും യാതൊരു മറവിയും സംഭവിക്കാത്ത വിധത്തിൽ അല്ലാഹു പ്രത്യേകമായ കാവൽ നൽകിയിരുന്നു. ധൃതിപ്പെട്ട് പഠിക്കാൻ ശ്രമിച്ച നബിﷺയോട് അല്ലാഹു പറഞ്ഞത് നാം കണ്ടല്ലോ. അതിന് ശേഷം നബിﷺ എപ്രകാരമായിരുന്നു എന്നത് ഹദീഥിൽ കാണാം.

"അങ്ങനെ ജിബ്‌രീൽ നബിﷺയുടെ അടുത്ത് വന്നാൽ അവിടുന്ന് തലതാഴ്ത്തി ഇരിക്കും. ജിബ്‌രീൽ പോയാൽ അല്ലാഹു നബിﷺക്ക് വാഗ്ദാനം നൽകിയതുപോലെ അത് പാരായണം ചെയ്യുമായിരുന്നു" (ബുഖാരി).

**(തുടരും)**

ടി.കെ.അശ്‌റഫ്
tkashraf100@gmail.com



# അർണാബുമാരുടെ സ്വൈര്യവിഹാരം

സംഘ്പരിവാർ അനുകൂല മാധ്യമമായ റിപ്പബ്ലിക് ടിവിയുടെ എഡിറ്റർ ഇൻചീഫ് അർണാബ് ഗോസ്വാമിയും റേറ്റിങ് ഏജൻസിയായ ബാർകിന്റെ മുൻ സിഇഒ പാർഥോദാസ് ഗുപ്തയും തമ്മിലുള്ള വാട്സാപ്പ് സന്ദേശങ്ങൾ പുറത്തുവന്നതിലൂടെ രാജ്യസുരക്ഷയ്ക്കാണ് ഭീഷണി ഉയർന്നിരിക്കുന്നത്. പുൽവാമ ആക്രമണത്തിന് തിരിച്ചടിയായി 2019 ഫെബ്രുവരി 26ന് ബാലാകോട്ടിൽ ഇന്ത്യൻ സൈന്യം രഹസ്യമായി നടത്തിയ സർജിക്കൽ സ്‌ട്രൈക്ക് മുൻകൂട്ടി അറിയാമായിരുന്നെന്നും മോദി സർക്കാർ ലോക്‌സഭാ തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ടാണ് ഇത് നടത്തിയതെന്നുമുള്ള ഗോസ്വാമിയുടെ വാട്സാപ്പ് ചാറ്റ് നമ്മുടെ രാജ്യത്ത് അർഹിക്കുന്നവിധം ചർച്ചചെയ്യപ്പെട്ടിട്ടില്ല എന്നതാണ് വാസ്തവം.

'മറ്റൊരു വലിയകാര്യം ഉടൻ സംഭവിക്കും' എന്നും അർണാബ് ചാറ്റിൽ പറയുന്നുണ്ട്. അതിന് അർണാബിന് ബാർക് സിഇഒ ആശംസ അറിയിക്കുന്നുമുണ്ട്. പുൽവാമാ ആക്രമണം മറ്റെല്ലാ മാധ്യമങ്ങളെക്കാളും നേരത്തെ റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞതിലൂടെ തങ്ങൾക്ക് വൻവിജയം നേടാനായെന്നാണ് അർണാബ് പറയുന്നത്.

ഇക്കാര്യങ്ങളെല്ലാം പുറത്തുവന്നിട്ടും കേന്ദ്രസർക്കാർ ഇതിനെതിരെ അന്വേഷണം പ്രഖ്യാപിക്കുകയോ കേസെടുക്കുകയോ ചെയ്തിട്ടില്ല! വിവരം ചോർന്നതിൽ അർണബിനെ പോലെത്തന്നെ കുറ്റവാളിയാണ് കേന്ദ്രസർക്കാറും. വിവരം ചോർത്തിയെടുത്തത് പുറത്ത് വരുമ്പോൾ ചോർത്തിക്കൊടുത്തവരും കുറ്റക്കാരാണല്ലോ!

ഇത്തരമൊരു സംഭവത്തിൽ കേന്ദ്രസർക്കാരിന്റെ എതിർപക്ഷത്തുള്ളവരായിരുന്നു ആരോപണ വിധേയരെങ്കിൽ എന്താകുമായിരുന്നു ഇവിടെ ഉയരുന്ന ചർച്ചകളെന്ന് ഊഹിക്കാവുന്നതേയുള്ളൂ! സംഘ്പരിവാറിന്റെ പ്രാദേശിക നേതാക്കൾ മുതൽ ദേശീയ നേതാക്കൾ വരെയുള്ളവർ രാജ്യസ്‌നേഹത്തിന്റെയും തീവ്രവാദവിരുദ്ധതയുടെയും മാലപ്പടക്കത്തിന് തീകൊടുത്ത് പ്രസ്താവനകളുമായി രംഗത്തുവരുമായിരുന്നു. രാജ്യത്തെ അന്വേഷണ ഏജൻസികളെല്ലാം കുതിച്ചെത്തുകയും ആരോപണ വിധേയരായവരെ കറുത്ത മുഖംമൂടി ധരിപ്പിച്ച് തെളിവെടുപ്പിനായി കൊണ്ടുപോകുന്ന ദൃശ്യങ്ങൾ വാർത്താ ചാനലുകളിൽ നിറഞ്ഞുനിൽക്കുമായിരുന്നു. അന്തിച്ചർച്ചകൾ പൊടിപൊടിക്കുമായിരുന്നു...പാക്കിസ്ഥാനിലേക്ക് പോകാൻ ഉത്തരവിടുമായിരുന്നു.അർണാബ് ആയതിനാൽ അതൊന്നും ഉണ്ടായില്ല! വർഗീയ വിദ്വേഷത്തിനായി ബോധപൂർവം പ്രചരിപ്പിക്കപ്പെടുന്ന വാർത്തകളിൽ വിശ്വസിക്കുന്ന സാധാരണക്കാർ ഇനിയെങ്കിലും ഇവരുടെ ഇരട്ടത്താപ്പ് തിരിച്ചറിയുക.

കേരളത്തെ വർഗീയമായി വെട്ടിമുറിക്കാനായി ഹലാൽ ഫുഡിന്റെയും ബാങ്കുവിളിയുടെയും ലൗ ജിഹാദിന്റെയുമെല്ലാം പേരിൽ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന നീക്കങ്ങളെയും കരുതിയിരിക്കുക. ചിലരുടെ താൽപര്യ സംരക്ഷണത്തിനായി നമ്മൾ ഭിന്നിക്കരുത്.

ഒരുഭാഗത്ത്, കർഷകരെ കണ്ണുനീർ കുടിപ്പിച്ച് രാജ്യത്തെ കോർപ്പറേറ്റുകൾക്ക് തീറെഴുതിക്കൊടുക്കുകയും മറുഭാഗത്ത് രാജ്യത്തിന്റെ ജവാന്മാരുടെ വീരമൃത്യുവിനെ ചാനൽറേറ്റിംഗിനും തെരഞ്ഞെടുപ്പ് വിജയത്തിനുമായി ദുരുപയോഗം ചെയ്യുകയും സുരക്ഷാ വിവരങ്ങൾ ചോർത്തിക്കൊടുക്കുകയും ചെയ്യുക! ഇതാണോ രാജ്യസ്‌നേഹം? ചിലർ എത്രവലിയ രാജ്യദ്രോഹം ചെയ്താലും യാതൊരു പ്രശ്നവുമില്ല, മറ്റു ചിലരുടെ ചില വാക്കുകളെയും പ്രവർത്തനങ്ങളെയും വ്യാഖ്യാനിച്ചൊപ്പിച്ച് രാജ്യദ്രോഹമെന്ന് മുദ്രകുത്തുക! ഇതെന്തു ന്യായം? ഇതെന്തു നീതി?

യഥാർഥ രാജ്യസ്‌നേഹികൾ ഈ സന്ദിഗ്ധ ഘട്ടത്തിൽ ഒറ്റക്കെട്ടായി നിന്നില്ലെങ്കിൽ വരാൻ പോകുന്ന ഭവിഷ്യത്ത് അതിഭീകരമായിരിക്കും. അത് ചിലരെ മാത്രമായിരിക്കില്ല ബാധിക്കുക.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JANUARY 30

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomstudents

WISDOM students

Scan here for Registration

25th

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE



TO THE RIGHT GOAL...

THROUGH THE RIGHT PATH..

THIS TIME WE GO ONLINE

Live Streaming On www.profcon.in

2021
FEBRUARY
25 26 27 28

edifice
Centre for Islamic Studies & Guidance

peaceradio
Tune to reality

WISDOM students

CV Complex,
PV Sami Road, Kozhikkode
9562 01 40 50